
# മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

MY LORD AND MY GOD

Vol. 06 No. 11 THE ONLINE OFFICIAL NEWS BULLETIN 2023 March 18


## SEASON OF GREAT LENT | വലിയ നോമ്പുകാലം

| ܚܕܒܫܒܐ SUNDAY | ܬܪܝܢ ܒܫܒܐ MONDAY | ܬܠܬܐ ܒܫܒܐ TUESDAY | ܐܪܒܥܐ ܒܫܒܐ WEDNESDAY | ܚܡܫܐ ܒܫܒܐ THURSDAY | ܥܪܘܒܬܐ FRIDAY | ܫܒܬܐ SATURDAY |
|---|---|---|---|---|---|---|
| 19 Kfifto (Crippled Woman) 5th Sunday of Great Lent) 93rd Momorial of Sleeba Mar Osthathios Metropolitan ✠ (Kunnamkulam Arthat Puthen Palli) ♪5   | 20 ♪1 | 21 ♪5 | 22 138th Memorial of Konattu Geevarghese Mar Julios Metropolitan ✠ (Pampakuda) ♪1  | 23 ♪5 | 24 ♪1 | 25 ✠ Suboro Annunciation to St. Mary 295th Memorial of Mar Thoma IV ✠ (Kandanad St. Mary's) ♪4   |




**പരിശുദ്ധ ബസ്സേലിയോസ് മാർത്തോമാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ വെസ്റ്റ് ബംഗാൾ ഗവർണർ ആനന്ദ് ബോസിനെ രാജ്ഭവനിൽ സന്ദർശിച്ചു. അലക്സിയോസ് മാർ യൗസേബിയോസ്, കൽക്കട്ട കത്തീഡ്രൽ വികാരി ഫാ. അനിൽ, ജോസ് മുക്കത്ത് എന്നിവർ സമീപം.**




## സമാധാനാന്തരീക്ഷം നിയമനിർമാണത്തിലൂടെ തകർക്കരുത്: ഓർത്തഡോക്സ് സഭ

തിരുവനന്തപുരം: സഭാവിഷയത്തിൽ കോടതിവിധിയിലൂടെ വന്ന സമാധാനാന്തരിക്ഷം നിയമനിർമാണ നീക്കത്തിലൂടെ സർക്കാർ തകർക്കരുതെന്ന് കൂര്യാക്കോസ് മാർ ക്ലിമ്മീസ്. സർക്കാരിന്റെ നിയമനിർമാണ നീക്കത്തിനെതിരെ മലങ്കര ഓർത്തഡോക്സ് സഭ പാളയം സെന്റ് ജോർജ് കത്തീഡ്രലിൽ നടത്തിയ ഉപവാസ പ്രാർഥന ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സഹനസമരത്തിലൂടെ സർക്കാരിന്റെ നിലപാടിനെതിരെ പ്രതികരിക്കും, വെല്ലുവിളികളെ പ്രാർഥനയോടെ നേരിടും. വൈദേശിക അധിനിവേശത്തിൽനിന്നു മോചനം നേടാൻ കയ്യും മെയ്യും മറന്നു പോരാടിയ ധീരപിതാക്കൻമാരുടെ പ്രാർഥന സഭയ്ക്കൊപ്പമുണ്ടെന്നും അദ്ദേഹം പറഞ്ഞു.

ഭരണഘടനയനുസരിച്ച് ഇടവകകൾ ഭരിക്കപ്പെടണമെന്ന കോടതിയുത്തരവ് നിലനിൽക്കെ, അതംഗീകരിക്കാത്തവർക്ക് ആരാധനാസ്വാതന്ത്ര്യം അനുവദിക്കുന്നത് അനീതിയാണെന്ന് ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ് പറഞ്ഞു. വൈദികസംഘം പ്രസിഡന്റ് ഡോ.മാത്യൂസ് മാർ തിമോത്തിയോസ് അധ്യക്ഷത വഹിച്ചു. പ്രകോപനപരമായ പ്രതിഷേധമാർഗങ്ങൾ സ്വീകരിക്കാതെ ഉപവാസ പ്രാർഥന നടത്തുന്നത് സഭയുടെ ബലഹീനതയായി കാണരുതെന്ന് അദ്ദേഹം പറഞ്ഞു. പുതിയ വ്യവഹാര ചരിത്രത്തിനു തുടക്കം കുറിക്കുന്ന നടപടികളിൽ നിന്നു പിന്തിരിയണമെന്ന് പ്രതിഷേധ പ്രമേയത്തിലൂടെ സഭ ആവശ്യപ്പെട്ടു, അസോസിയേഷൻ സെക്രട്ടറി ബിജു ഉമ്മൻ പ്രമേയം അവതരിപ്പിച്ചു.


## ഡോ. യാക്കോബ് മാർ ഐറേനിയോസ് കാസായുടെ ദേശീയ ചെയർമാൻ



ന്യൂഡൽഹി: കാസായുടെ ദേശീയ ചെയർമാനായി ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്താ വീണ്ടും തെരഞ്ഞെടുക്കപ്പെട്ടു. ഭാരതത്തിലെ ക്രൈസ്തവ സഭകളുടെ സാമൂഹ്യ സേവന സംരഭമാണ് ചർച്ചസ് ഓക്സിലറി ഫോർ സോഷ്യൽ ആക്ഷൻ (കാസാ). വൈസ് പ്രസിഡന്റായി മെനനൈറ്റ് ചർച്ച് ബിഷപ്പ് സുബോധ് മണ്ഡലിനെയും ട്രഷറാർ ആയി ആന്ധ്രയിലെ ഹിന്ദുസ്ഥാൻ കവനന്റ് ചർച്ചിലെ റവ എസ്. സി. ഡേവിഡിനെയും ദേശീയ നിർവാഹക സമിതി തെരഞ്ഞെടുത്തു. നാല് വർഷമാണ് കാലാവധി.

ഇന്ത്യാ വിഭജനത്തെത്തുടർന്ന് ജവഹർലാൽ നെഹ്റുവിന്റെ നിർദ്ദേശത്തെ തുടർന്ന് സാമൂഹിക സേവനത്തിനുള്ള പ്രവർത്തികൾക്കായി സ്ഥാപിതമായ 'കാസാ'യുടെ നേതൃത്വത്തിൽ ദുരന്തബാധിത പ്രദേശങ്ങളിലും മറ്റും സേവനയത്നങ്ങൾ നടത്തിവരുന്നു. ചെന്നൈ, മുംബൈ, കൊൽക്കത്ത, ഡൽഹി എന്നീ നാലു സോണുകൾ തിരിച്ച് കാസായുടെ പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്.

## മാർ ജോസഫ് പൗവത്തിൽ കാലം ചെയ്തു



കോട്ടയം; ചങ്ങനാശ്ശേരി അതിരൂപത മുൻ ആർച്ച് ബിഷപ്പ് മാർ ജോസഫ് പൗവത്തിൽ കാലം ചെയ്തു. 92 വയസായിരുന്നു. വാർധക്യസഹജമായ അസുഖങ്ങളെ തുടർന്ന് ചങ്ങനാശേരി ചെത്തിപ്പുഴ ആശുപത്രിയിൽ ചികിത്സയിലായിരുന്നു. ശ്വാസതടസം അടക്കമുള്ള അസുഖങ്ങളെ തുടർന്ന് ഇന്ന് ഉച്ചക്ക് 1.17 ഓടെയായിരുന്നു അന്ത്യം.

1985 മുതൽ 2007 വരെ ചങ്ങനാശ്ശേരി അതിരൂപതയുടെ ആർച്ച് ബിഷപ്പായിരുന്ന മാർ പൗവ്വത്തിൽ മുൻ ഇന്റർ ചർച്ച് കൗൺസിൽ ചെയർമാനുമായിരുന്നു.


മാർ പൗവ്വത്തിലിന്റെ വിയോഗത്തിൽ പ. ബസ്സേലിയോസ് മാർത്തോമാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ അഗാധമായ ദുഃഖം രേഖപ്പെടുത്തി. പൗരസ്ത്യ സഭാപാരമ്പര്യങ്ങളെ ബഹുമാനിച്ചിരുന്ന പൗവ്വത്തിൽ പിതാവ് എന്നും മലങ്കര ഓർത്തഡോക്സ് സഭയുമായി ഉറ്റ സ്നേഹബന്ധം കാത്തുസൂക്ഷിച്ചതായി ബാവാ അനുസ്മരിച്ചു.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

ലേഖനം

# സുറിയാനി ഡിഡാസ്കാലിയ
# (Syriac Didascalia/Didascalia Apostolorum)

ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ്




‘നമ്മുടെ കർത്താവിന്റെ പന്ത്രണ്ട് അപ്പോസ്തോലന്മാരുടെയും മറ്റു പരിശുദ്ധ ശിഷ്യന്മാരുടെയും പഠിപ്പിക്കലുകൾ’ എന്ന പേരിൽ വടക്കൻ സിറിയായിലെ ക്രിസ്ത്യാനികൾക്കുവേണ്ടി മൂന്നാം നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിൽ എഴുതപ്പെട്ട ഗ്രന്ഥമാണ് ഡിഡാസ്കാലിയാ. പുരാതന സുറിയാനി സഭയുടെ ആരാധന, നിയമ സംഹിതകൾ, ആചാരങ്ങൾ എന്നിവ മനസ്സിലാക്കുവാനുള്ള ഒരു പ്രമാണ ഗ്രന്ഥമായി ഇതിനെ കരുതാവുന്നതാണ്. ഗ്രീക്ക് ഭാഷയിലാണിത് ആദ്യം എഴുതപ്പെട്ടതെങ്കിലും സുറിയാനി വിവർത്തനത്തിലൂടെയാണ് ഇതു സഭയ്ക്കു ലഭ്യമായിരിക്കുന്നത്. ലത്തീൻ ഭാഷയിൽ ചില ശകലങ്ങളും ഇന്നു ഡിഡാസ്കാലിയായുടേതായി നിലവിലുണ്ട്. ഗ്രന്ഥകർത്താവ് ആരാണെന്നതിനെക്കുറിച്ചു നിശ്ചയമില്ലെങ്കിലും യഹൂദ പാരമ്പര്യമുള്ളതും വൈദ്യത്തെക്കുറിച്ചും മരുന്നുകളെക്കുറിച്ചും നല്ല നിശ്ചയമുള്ളതുമായ ഒരു എപ്പിസ്കോപ്പാ ആയിരിക്കാം ഇതെഴുതിയതെന്ന് കരുതിവരുന്നു.

ജ്ഞാനവാദമോ മറ്റു യവനായ ചിന്താഗതികളോ ഡിഡാസ്കാലി യായെ സ്വാധീനിച്ചിട്ടില്ല എന്നതു സ്പഷ്ടമാണ്. വേദപുസ്തകം കഴിഞ്ഞാൽ ഡിഡാക്കേ, ഹെർമാസിന്റെ ഇടയൻ, ലിയോൺസിലെ ഐറേനിയോസ് എന്നിവരാണ് ഡിഡാസ്കാലിയായുടെ ആധാരങ്ങളായി നിൽക്കുന്നത്. ഡിഡാസ്കാലിയായും നാലാം നൂറ്റാണ്ടിൽ പ്രസിദ്ധീകരിക്കപ്പെട്ട അപ്പോസ്തോലിക നിയാമക തത്വസംഹിത (Apostolic Constitutions) യും തമ്മിൽ ഒരു താരതമ്യ പഠനം നടത്തിയാൽ അപ്പോസ്തോലിക നിയാമക തത്വസംഹിതയിൽ ഉള്ള ആദ്യത്തെ ആറ് പുസ്തകങ്ങളുടെ പ്രധാന ആധാരം ഡിഡാസ്കാലിയ ആണെന്നു മനസ്സിലാകുന്നതാണ്.

### ഡിഡാസ്കാലിയായിലെ പ്രധാന ആശയങ്ങൾ

അനേക ആശയങ്ങൾ കൊണ്ടു സംപുഷ്ടമായിരിക്കുന്ന ഒരു ഗ്രന്ഥമാണ് ഡിഡാസ്കാലിയാ എങ്കിലും ചില വിഷയങ്ങൾ മാത്രം ഇവിടെ രേഖപ്പെടുത്തുന്നു.

### 1. വി. ത്രിത്വവും ദൈവസ്തുതി വാക്യങ്ങളും:

പരമ്പരാഗതമായി വി. മാമോദീസായ്ക്കു ഉപയോഗിക്കുന്ന ‘പിതാവി ന്റെയും പുത്രന്റെയും പരിശുദ്ധ റൂഹായുടെയും നാമത്തിൽ’ എന്ന ത്രിത്വവാക്യം ഡിഡാസ്കാലിയായിലുമുണ്ട്. എന്നാൽ അതു കൂടാതെ ധാരാളം സ്തുതിവാക്യങ്ങളും (doxologies) ഈ ഗ്രന്ഥത്തിൽ കാണാവുന്നതാണ്. ചില സ്തുതി വാക്യങ്ങൾ ഇവിടെ ഉദ്ധരിക്കാം.

മൂന്നാം അദ്ധ്യായത്തിലെ സ്തുതിവാക്യം: “നമ്മുടെ ദൈവവും ഇപ്പോഴുള്ളതും വരുവാനുള്ളതുമായ സർവ്വലോകങ്ങളുടെയും പിതാവുമായ സർവ്വശക്തനായ കർത്താവിനും – എല്ലാ ശ്വാസങ്ങളുടെയും എല്ലാ ശക്തികളുടെയും കർത്താവിനും – അവന്റെ ജീവനുള്ളതും പരിശുദ്ധവുമായ റൂഹായ്ക്കും എന്നുമെന്നേക്കും ആരാധനയും മഹത്വവും. ആമീൻ.”

ഇതൊരു യാദൃച്ഛികമായി ഉപക്രമിച്ച വി. ത്രിത്വ സ്തുതി വാക്യമാണ്. മൂന്നാളത്വങ്ങളും സ്തുതിക്കപ്പെടുന്നു. എന്നാൽ പുത്രനാം ദൈവത്തെക്കുറിച്ച് അവ്യക്തവും പിതാവിൽനിന്നു പുത്രനെ പ്രത്യേകമായി വേർതിരിച്ചു കാണുവാൻ കഴിയാത്ത രീതിയിലുമുള്ള വിവരണമാണ് നൽകിയിരിക്കുന്നത്.

പതിനെട്ടാം അദ്ധ്യായത്തിൽ വിധവകളോടു പറയുന്നത്: “തന്റെ ഏകജാതനായ പുത്രനിലൂടെയും തന്റെ പരിശുദ്ധ റൂഹായിലൂടെയും സർവ്വശക്തനായ ദൈവത്തിന് പരിശുദ്ധവും അംഗീകരിക്കത്തക്കതുമായ ശുശ്രൂഷ സമർപ്പിക്കുക. അവന് എന്നെന്നേക്കും മഹത്വവും ആരാധനയും ആമീൻ.”

ഇവിടെ പുത്രനും പരിശുദ്ധ റൂഹായും പിതാവാം ദൈവത്തിങ്കലേക്കുള്ള പ്രവേശനത്തിനു തുല്ല്യ മദ്ധ്യസ്ഥരായി നിലകൊള്ളുന്നു. ഇതു ഡിഡാസ്കാലിയായുടെ പ്രഥമ ആശയമായിരിക്കുവാൻ സാദ്ധ്യതയില്ല. കാരണം ഈ ഭാഗത്തെ അടിസ്ഥാനമാക്കി അപ്പോസ്തോലിക നിയാമകതത്വസംഹിതയിൽ “ദൈവത്തിനു തന്റെ ഏകജാതനും നമ്മുടെ കർത്താവുമായ യേശുക്രിസ്തുവിലൂടെ ആത്മാവിലും സത്യത്തിലും മഹത്വം” എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. അതുകൊണ്ട് സുറിയാനി വിവർത്തനത്തിൽ പരിശുദ്ധ റൂഹായെക്കുറിച്ചുള്ള പ്രസ്താവം ദൈവത്തെ “ആത്മാവിലും സത്യത്തിലും” ആരാധിക്കണമെന്ന (യോഹ. 4:24) വേദപുസ്തക പ്രമാണത്തിന്റെ പരിണാമമായി കരുതാവുന്നതാണ്.

20 –ാം അദ്ധ്യായത്തിൽ ത്രിത്വത്തിലെ മൂന്ന് അളത്വങ്ങളിലുമുള്ള അടിസ്ഥാന വിശ്വാസം ഉറപ്പിച്ചുകൊണ്ട് ഒരു സ്തുതിവാക്യം ആവരണ ചിഹ്നത്തിനകത്തു ചേർത്തിരിക്കുന്നു: “ഞങ്ങളുടെ കർത്താവായ യേശുക്രിസ്തുവിലും, അവന്റെ പിതാവും സർവ്വശക്തനുമായ ദൈവമായ കർത്താവിലും, അവന്റെ പരിശുദ്ധ റൂഹായിലും ഞങ്ങൾ വിശ്വസിക്കുന്നു (അവന് എന്നെന്നേക്കും സ്തുതിയും മഹത്വവും, ആമീൻ).

ഈ വാക്യത്തെ അടിസ്ഥാനമാക്കി അപ്പോസ്തോലിക നിയാമക തത്വസംഹിതയിൽ വന്നിരിക്കുന്ന വാക്യത്തിൽ പരിശുദ്ധാത്മാവിനെക്കുറിച്ചു പ്രതിപാദനമില്ല. അതുകൊണ്ട് ഇവിടെ പരിശുദ്ധ റൂഹായെക്കുറിച്ചു രേഖപ്പെടുത്തിയിട്ടുള്ള ഭാഗം പിൽക്കാലത്ത് വിവർത്തകർ കൂട്ടിച്ചേർത്തതാകാനാണ് സാദ്ധ്യത.

എന്തായാലും ചിലയിടങ്ങളിൽ പുത്രനും പരിശുദ്ധ റൂഹായും പിതാവിനോട് സമരല്ലാതെ ചിത്രീകരിക്കപ്പെട്ടിരിക്കുന്നതിന്റെ കാരണം അറിയൂസിന്റെ വേദവിപരീതവുമായി ബന്ധമുള്ള ആരെങ്കിലും പിൽക്കാലത്ത് ഇതിന്റെ വിവർത്തനത്തിൽ സഹകരിച്ചതുകൊണ്ടായിരിക്കാം. എന്നാൽ ത്രിത്വത്തിലെ മൂന്നാളത്വങ്ങൾക്കും ഒരേ ആരാധനയും ഒരേ മഹത്വവും നൽകുന്ന ധാരാളം വിവരണങ്ങളും ഡിഡാസ്കാലിയായിലുണ്ടെന്നുള്ളത് വിസ്മരിച്ചുകൂടാത്തതാണ്.

### 2. സഭ – ദൈവത്തിന്റെ പുതിയ മന്ദിരം

ഡിഡാസ്കാലിയായുടെ ലേഖകൻ സമാഗമനകൂടാരത്തെയും യെരുശലേമിലെ ദേവാലയത്തെയും ക്രൈസ്തവസഭയുടെ മുൻകുറികളായി ചിത്രീകരി

ക്കുന്നു. ക്രൈസ്തവസഭ ദൈവത്തിന്റെ സമാഗമന കൂടാരമാകുന്നു (96 -ാമത്തെ അദ്ധ്യായം). യഹൂദന്മാരും അവരുടെ ദേവാലയവും ദൈവത്തെ മറന്നതുകൊണ്ട് സഭ ദൈവത്തിന്റെ പുതിയ ആലയമായി ത്തീർന്നു.

സഭ ദൈവത്തിന്റെ പുതിയ ആലയമാകയാൽ അതിന് ദൈവത്തിന്റെ പരിശുദ്ധ സ്ഥലത്തിന്റെ എല്ലാ സ്വഭാവങ്ങളും വിശേഷണങ്ങളുമുണ്ട്. സഭയെ ജീവനുള്ള പർവ്വതമെന്നും, മഹത്വത്തിന്റെ സിംഹാസനമെന്നും അതിശയകരമായ ഭവനമെന്നും വിളിക്കേണ്ടതാണെന്ന് ഡിഡാസ്കാലിയ ആഹ്വാനം ചെയ്യുന്നു (209 -ാം അദ്ധ്യായം). പ്രവാചകന്മാരെ ഉദ്ധരിച്ചുകൊണ്ട് സഭ ദൈവം വസിക്കുന്ന പർവ്വതമാണെന്ന് ഉറപ്പിക്കുന്നു. സഭയെ ഉന്നതമായ പർവ്വതമായി യെശയ്യാ പ്രവാചകൻ ദർശിക്കുന്നുണ്ട്. “അന്ത്യകാലത്ത് യഹോവയുടെ ആലയമുള്ള പർവ്വതം പർവ്വതങ്ങളുടെ ശിഖരത്തിൽ സ്ഥാപിതവും കുന്നുകൾക്ക് മീതെ ഉന്നതവുമായിരിക്കും. സകല ജാതികളും അതിലേക്ക് ഒഴുകിച്ചെല്ലും” (എശയ്യാ 2:2). സഭയെ ദൈവത്തിന്റെ ഉന്നതമായ പർവ്വതവും ആലയവുമായി വിവരിക്കുന്ന ഡിഡാസ്കാലിയായുടെ ആലങ്കാരിക പ്രയോഗങ്ങൾ ക്രൈസ്തവസഭയുടെ പരിശുദ്ധിയെ പ്രമുഖമാക്കി കാട്ടുന്നു.

**3. ആരാധനാ സ്ഥലവും സമയവും**

പുരാതന സഭയിൽ സ്വകാര്യ ഭവനങ്ങൾ വി. കുർബ്ബാനയർപ്പണത്തിനും ആരാധനയ്ക്കും വേണ്ടി ഉപയോഗിച്ചിരുന്നുവെങ്കിലും ക്രൈസ്തവസഭയ്ക്കെതിരെയുള്ള പീഡനങ്ങളെ ഭയന്നും മറ്റു പ്രത്യേക കാരണങ്ങളാലും അങ്ങനെ ചെയ്തു എന്നതിലുപരി ആരാധനാ സംബന്ധമായ ഒരു വേദശാസ്ത്രം അതിനില്ലായിരുന്നു. എന്നാൽ പുരാതന ദേവാലയങ്ങളായി അറിയപ്പെട്ടിരുന്ന പള്ളികളുടെ ഘടന ഇന്നുവരെയും വലിയ വ്യത്യാസങ്ങളില്ലാതെ നിലനിർത്തിപോരുവാൻ പൗരസ്ത്യ സഭകൾ ശ്രമിച്ചിട്ടുണ്ട്.

ഡിഡാസ്കാലിയ ദേവാലയത്തിന്റെ ഉൾവശം എങ്ങനെയായിരിക്കണം എന്നതിനെക്കുറിച്ച് ഒരു ലഘു വിവരണം നൽകുന്നുണ്ട്. ആരാധനയിൽ സംബന്ധിക്കുന്ന വിശ്വാസികളുടെ സ്ഥാനം എവിടെയായിരിക്കണം എന്ന് നിഷ്കർഷിക്കുന്നതാണ് പശ്ചാത്തലം.

“പുരോഹിതർക്ക് ദേവാലയത്തിന്റെ കിഴക്കുവശത്ത് സ്ഥാനമായിരിക്കട്ടെ. എപ്പിസ്കോപ്പായുടെ സിംഹാസനം അവരോടൊപ്പം അവർക്കു മുന്നിൽ മദ്ധ്യത്തിലും അവർ അദ്ദേഹത്തിനു ചുറ്റുമായും ഇരിക്കട്ടെ.

അവർക്കു പിന്നിലായി കിഴക്കുവശത്തു തന്നെ വിശ്വാസികളായ പുരുഷന്മാരും അവർക്കു പിന്നിൽ സ്ത്രീകളും ഇരിക്കട്ടെ. അതായത്, നിങ്ങൾ പ്രാർത്ഥിക്കാനായി എഴുന്നേൽക്കുമ്പോൾ ആദ്യം നേതാക്കന്മാർ (പുരോഹിതന്മാർ) പിന്നെ പുരുഷന്മാർ, സ്ത്രീകൾ എന്ന ക്രമത്തിൽ നിൽക്കേണ്ടതാണ്” (Didascalia 130).

ഹൈക്കലായും മദ്ബഹായും ആയി വിഭജിക്കപ്പെട്ടിരിക്കുന്ന ദേവാലയത്തിൽ മദ്ബഹായിൽ പുരോഹിതരും ഹൈക്കലായുടെ കിഴക്കുവശം പുരുഷന്മാരും പടിഞ്ഞാറുവശം സ്ത്രീകളും നിൽക്കണമെന്നു ഡിഡാസ്കാലിയ അനുശാസിക്കുന്നു. പള്ളിക്കുള്ളിൽ ‘ബേമാ’ എന്ന ഒരു പ്രത്യേക സ്ഥലത്തേക്കുറിച്ചും ഡിഡാസ്കാലിയ സൂചന നൽകുന്നുണ്ട്. പുതിയനിയമവും പഴയനിയമവും വായിക്കുന്നതിനുവേണ്ടി പ്രത്യേകം വേർതിരിച്ചിരിക്കുന്ന ഉന്നതപീഠമാണ് ബേമാ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്.

കിഴക്കോട്ടു അഭിമുഖമായി ദേവാലയം സ്ഥാപിക്കുന്നതിനെക്കുറിച്ചും കിഴക്കോട്ടു നോക്കി പ്രാർത്ഥിക്കുന്നതിനെക്കുറിച്ചും ഉദയസൂര്യന്റെ പ്രതീകം അടിസ്ഥാനമാക്കി നിർബന്ധിക്കുന്നുണ്ട്:

“കിഴക്കോട്ടു അഭിമുഖമായി നിന്നു പ്രാർത്ഥിക്കുവിൻ, പടിഞ്ഞാറുവരെ കാണത്തക്കതുപോലെ പ്രകാശം കിഴക്കുനിന്നാണ് ഉദിക്കുന്നത്. മനുഷ്യപുത്രന്റെ വരവും അങ്ങനെ തന്നെയാകും. അവൻ പെട്ടെന്നു കിഴക്കുനിന്നു പ്രത്യക്ഷനാകും എന്നത് നമുക്കിതിനാൽ അറിയുവാനും മനസ്സിലാക്കുവാനും കഴിയും” (Didascalia 36-37).

ഇതു യഥാർത്ഥത്തിൽ 'Maranatha' (കർത്താവേ വേഗം വരേണമേ) എന്ന പ്രാർത്ഥനയോടെ യേശുക്രിസ്തുവിന്റെ പെട്ടെന്നുള്ള വരവിനുവേണ്ടി കാത്തിരുന്ന പുരാതനസഭയുടെ യുഗാന്ത്യ ദർശനവും പ്രത്യാശയുമായിരുന്നു. ദൈവത്തിന്റെ പ്രത്യേക സാന്നിദ്ധ്യവും വാസസ്ഥലവും കിഴക്കുഭാഗത്താണ് എന്ന് പുരാതനസഭ വിശ്വസിച്ചിരുന്നു (Didascalia, 131).

ആരാധനാ സമയത്തിന്റെ വിശുദ്ധിയെക്കുറിച്ചും ഡിഡാസ്കാലി യായിൽ പരാമർശങ്ങൾ ഉണ്ട്. നിത്യതയുടെ സ്വഭാവത്തെ ആരാധനാ സമയവുമായി ബന്ധിപ്പിക്കുവാൻ ഒരു ശ്രമം ഇവിടെ ദർശിക്കാം. കർത്തൃദിവസം (ഞായർ) ക്രൈസ്തവർക്കു വിശുദ്ധമാണ്. കർത്താവു ഉത്ഥാനം ചെയ്തതു ഞായറാഴ്ച ആയതുകൊണ്ടും അവൻ തന്നെത്താനേ ലോകത്തിനു വെളിപ്പെടുത്തിയതും സ്വർഗ്ഗത്തിലെ മാലാഖാമാരോടു ചേർന്ന് അവൻ പ്രത്യക്ഷനാകുവാൻ പോകുന്നതും ആഴ്ചവട്ടത്തിന്റെ ഒന്നാം നാളായ ഞായറാഴ്ച ആയതുകൊണ്ടും ഞായറാഴ്ച ക്രിസ്ത്യാനികൾ വി. കുർബാന അർപ്പിക്കണമെന്നു നിർദ്ദേശിക്കുന്നു (Didascalia, 37). ഞായറാഴ്ച ശാബതാചരണത്തെ പുനസ്ഥാപിക്കുന്നു. ശാബത് ദിവസത്തേക്കാൾ വലിയദിനം ഞായറാഴ്ചയാകുന്നു. ക്രൈസ്തവനു ഞായറാഴ്ച ആരാധന നിത്യതയിലുള്ള പങ്കാളിത്തമാണ് (Didascalia 235). വി. കുർബ്ബാന ആരാധനാ സമയത്തെ നിത്യമാക്കുന്നു. വി. കുർബ്ബാനയിലുള്ള സജീവ പങ്കാളിത്തം ഒരുവനെ താൻ ആയിരിക്കുന്ന സ്ഥലകാലപരിമിതികളിൽ നിന്നു ഉയർന്നു അവയ്ക്കതീതമായിരിക്കുന്ന വിശുദ്ധമായ സ്ഥലകാലങ്ങളിലേക്കു പ്രവേശിപ്പിക്കുന്നു.

**4. വി. മാമോദീസായെക്കുറിച്ച്**

സുറിയാനി ഡിഡാസ്കാലിയ മൂന്നാം നൂറ്റാണ്ടിലെ സുറിയാനി സഭയിൽ നടന്നുവന്നിരുന്ന മാമോദീസായുടെ ശുശ്രൂഷയെക്കുറിച്ച് ചില വിവരങ്ങൾ നൽകുന്നുണ്ട്. വിവരണം അനുസരിച്ച് എപ്പിസ്കോപ്പാ ആദ്യം സ്നാനാർത്ഥിയുടെ തലയിൽ കൈവയ്ക്കുകയും എണ്ണകൊണ്ട് അഭിഷേകം നടത്തുകയും ചെയ്യുന്നു. തുടർന്നു പുരുഷനാണെങ്കിൽ ശെമ്മാശ്ശനും സ്ത്രീയാണെങ്കിൽ ശെമ്മാശ്ശിനിയും സ്നാനാർത്ഥിയുടെ ശരീരം മുഴുവൻ അഭിഷേകം ചെയ്യുന്നു. അതിനുശേഷം ത്രിത്വനാമത്തിൽ വെള്ളത്താലുള്ള മാമോദീസാ നടത്തുന്നു. മാമോദീസായ്ക്കുശേഷമുള്ള അഭിഷേകത്തെക്കുറിച്ച് വിവരണമൊന്നും കാണുന്നില്ലെങ്കിലും എപ്പിസ്കോപ്പാ സ്നാനാർത്ഥിയുടെ തലയിൽ കൈവയ്ക്കുന്നതിനെക്കുറിച്ചും തൈലംകൊണ്ട് നെറ്റിയിൽ റൂശ്മാ ചെയ്യുന്നതിനെക്കുറിച്ചും പറയുന്നുണ്ട്. പിന്നീട് ഇതു മാമോദീസായ്ക്കു ശേഷമുള്ള അഭിഷേകമായി മാറി എന്ന് അനുമാനിക്കാം.

മാമോദീസാ സ്നാനാർത്ഥികളെ പ്രകാശപുത്രരാക്കി മുദ്രകുത്തുന്നു. കൈവയ്പിനാലും തൈലംകൊണ്ടുള്ള അഭിഷേകത്തിനാലും സ്നാനാർ ത്ഥിക്കു പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കുന്നു. പഴയനിയമത്തിൽ രാജാക്കന്മാരെയും പുരോഹിതരെയും തെരഞ്ഞെടുക്കുവാൻ അവരെ അഭിഷേകം ചെയ്തിരുന്നു. ലേവ്യ 8:12, 1 ശാമുവേൽ 10: 1-6; 16:13, 1 രാജാ. 1:39 എന്നിവിടങ്ങളിൽ അഭിഷേകത്തിന്റെ ആത്മീയ അനുഭവം വിവരിക്കുന്നു. മാമോദീസായിലൂടെ രാജകീയ പുരോഹിതവർഗ്ഗത്തിലേക്കു പ്രവേശിക്കുന്ന ക്രൈസ്തവന്റെ അനുഭവവുമായി ഇതിന് സാമ്യമുണ്ട്.

**വി. കുർബ്ബാനയെക്കുറിച്ച്**

സുറിയാനി ഡിഡാസ്കാലിയായിൽ വി. കുർബ്ബാനയുടെ ആചരണത്തെക്കുറിച്ച് വ്യക്തമായ വിവരണങ്ങൾ ഒന്നുമില്ലെങ്കിലും ധാരാളം സൂചനകളുണ്ട്. 13 -ാമത്തെ അദ്ധ്യായത്തിൽ കർതൃദിവസത്തിൽ ആരാധനയ്ക്കായി പള്ളിയിൽ കൂടണമെന്നു നിഷ്കർഷിക്കുന്നു.

“പള്ളി നിങ്ങളുടെ മഹത്വമായിരിക്കയാൽ കർതൃദിവസം മറ്റെല്ലാം ഉപേക്ഷിച്ചു നിങ്ങൾ പള്ളിയിലേക്കു വാഞ്ഛയോടെ ഓടുവിൻ. ജീവനുള്ളതും ജീവൻ നൽകുന്നതുമായ സഭയിലൂടെയാണ് വിശ്വാസികൾ രക്ഷ അനുഭവമാക്കുന്നത്.” വി. കുർബ്ബാനയുടെ സമയത്തോ പ്രാർത്ഥനയുടെ സമയത്തോ വിശ്വാസികൾ ദേവാലയം വിട്ടു പുറത്തുപോകരുതെന്നും നിഷ്കർഷിക്കുന്നുണ്ട്. ഡിഡാസ്കാലിയ അനുസരിച്ച് വി. കുർബ്ബാന അനുഷ്ഠാനത്തിൽ മൂന്നു ഘടകങ്ങൾ ഉണ്ട്. വേദപുസ്തക വായന, മദ്ധ്യസ്ഥ പ്രാർത്ഥന, കാഴ്ച സമർപ്പണം (Scripture reading, intercession and offering) കാഴ്ച സമർപ്പണത്തിനു “സ്വീകാരയോഗ്യമായ നന്ദി പ്രകടനം” എന്നുകൂടി വിളിക്കാറുണ്ട്. ഇവിടെയൊക്കെ പരിശുദ്ധാത്മാവിന്റെ പ്രവർത്തനവും എടുത്തുപറയുന്നുണ്ട്.

ഈ ഗ്രന്ഥത്തിൽ വി.ത്രിത്വത്തിൽ അടിസ്ഥാനമിട്ട് വേരൂന്നിയ ക്രൈസ്തവ ജീവിതത്തിന് ഊന്നൽ നൽകുന്നു. ഈ ജീവിതം ആരംഭിക്കുന്നതു വി. മാമോദീസാ എന്ന കൂദാശയിൽ എപ്പിസ്കോപ്പായുടെ കൈവയ്പിലൂടെയും തലയിൽ എണ്ണകൊണ്ടു അഭിഷേകം ചെയ്യുന്നതിലൂടെയുമാണ്. മാമോദീസാ, വി. കുർബ്ബാന, അനുതാപം എന്നിവയിലൂടെ പരിശുദ്ധ റൂഹാ വിശ്വാസിയെ വിശുദ്ധീകരിക്കുന്നു. പ്രാർത്ഥനകളെ കേൾക്കുന്നതിനും അഭയയാചനകളെ കൈക്കൊള്ളുന്നതിനും വി.കുർബ്ബാനയെ സ്വീകരിക്കുന്നതിനും മദ്ധ്യസ്ഥനായി പരിശുദ്ധ റൂഹാ നില കൊള്ളുന്നു. ക്രിസ്ത്യാനിയുടെ ജീവിതത്തിന്റെ തന്നെ ഭാഗമായിരിക്കുന്ന പരിശുദ്ധ റൂഹാ ക്രിസ്ത്യാനിയെ താനുമായുള്ള നിരന്തര കൂട്ടായ്മയിൽ ജീവിക്കുന്നതിന് ക്ഷണിക്കുന്നു. ❑

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

പുസ്തകം



# വിശുദ്ധ രഹസ്യങ്ങൾ

## മാർ ഗീവർഗീസ്, മൂശെ ബർകീഫാ, ദീവന്നാസ്യോസ് ബർസ്ലീബി, ദാരായിലെ മാർ യോഹന്നാൻ എന്നീ സുറിയാനി സഭാപിതാക്കന്മാരുടെ വി. കുർബാനയെക്കുറിച്ചുള്ള വ്യാഖ്യാനങ്ങൾ


ഡോ. ഗീവർഗീസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്താ

### അദ്ധ്യായം പതിനൊന്ന്

സ്വർഗ്ഗാധിസ്വർഗ്ഗങ്ങളും സകല സൈന്യങ്ങളും മഹത്വപ്പെടുത്തന്നവനെ എന്നിങ്ങനെയാണ് കുർബ്ബാന തുടങ്ങുന്നത് എന്ന് ഈ അദ്ധ്യായത്തിൽക്കൂടെ നാം പഠിപ്പിക്കുന്നു. ശാരീരികമായും ദൃശ്യവുമായവരിൽ നിന്ന് സ്തുതി അവന് യുക്തവും കടപ്പെട്ടതുമാകുന്നു. ശാരീരികമല്ലാത്തതും അദൃശ്യവുമായ സകല സൃഷ്ടികളും അവന് സ്തുതി കരേറ്റുന്നു. വിശേഷബുദ്ധിയുള്ള സൃഷ്ടികളേയും മേലുള്ള ഗണങ്ങളേയും ക്രൂബേന്മാരേയും സ്രാപ്പേന്മാരേയും അവൻ ആദ്യം ഓർക്കുകയും അവരേപ്പോലെ അവരുടെ കൂടെ ത്രിത്വ സ്തുതി പരിശുദ്ധ ത്രിത്വത്തിന് മുഴക്കുന്നു. കുർബ്ബാനയുടെ ആരംഭം മുതൽ പരിശുദ്ധൻ പരിശുദ്ധൻ കാണപ്പെടുന്നതും കാണപ്പെടാത്തതുമായവയെ സൃഷ്ടിച്ച നിത്യനായ സാരാംശത്തിന് ആരാധനയും മഹത്വവും നാം അർപ്പിക്കുന്നു എന്നത് വരെ (കൈ) വിരിച്ച് പിടിക്കുന്നു. അതുകൊണ്ട്, അവയെ അവൻ അനുസ്മരിക്കുകയും അതിനുശേഷം സൃഷ്ടിയുടെ സമയത്തെ ഓർപ്പിക്കുകയും ചെയ്യുന്നു.

സ്രാപ്പേന്മാർ രണ്ട് ചിറകുകൾ കൊണ്ട് അവയുടെ മുഖം മറയ്ക്കുന്നു. അതായത്, അവരുടെ മുഖം മറയ്ക്കുന്നതുകൊണ്ട് അർത്ഥമാക്കുന്നത് ദൈവം നിത്യനും ആരംഭം ഇല്ലാത്തവനും ആകുന്നു എന്നാണ്. അവയുടെ കാലുകൾ മൂടുന്നത് ദൈവം അവസാനമില്ലാത്തവനും അതിർത്തി കുറിക്കപ്പെടാത്തവനും ആണെന്ന് കാണിക്കുവാൻ വേണ്ടിയാണ്. രണ്ട് ചിറകുകൾ കൊണ്ട് അവ പറക്കുകയും സ്തുതിക്കുകയും ചെയ്യുന്നത് ആരംഭവും അവസാനവും ഇല്ലാത്തവനായ താൻ എല്ലാവരിൽ നിന്നും സ്തുതിക്ക് യോഗ്യനാകുന്നു എന്ന് കാണിക്കുവാനാണ്. മൂന്ന് പ്രാവശ്യം കാദീശ്, കാദീശ്, കാദീശ് എന്ന് അവർ പറയുന്നത് ആരംഭവും അവസാനവും ഇല്ലാത്തവനായ ദൈവം മൂന്ന് ആളത്തങ്ങളാകുന്നു എന്ന് സൂചിപ്പിക്കുവാനാണ്. കർത്താവ് എന്ന് അവർ പറയുന്നത് ഈ മൂന്ന് ആളത്തങ്ങൾ ഒരു സാരാംശവും ഒരു കർത്താവും ആണെന്നു കാണിക്കുവാനാണ്. അവനെ സർവ്വശക്തൻ എന്നു വിളിക്കുന്നത് അവന്റെ ഉന്നത ശക്തിയാൽ സകല സൃഷ്ടികളേയും ഉണ്മയിലേക്ക് വരുത്തി എന്നും അവയെ വഹിക്കുകയും അവന്റെ നിഴലിൽ കാത്ത് പരിപാലിക്കുകയും ചെയ്യുന്നു എന്ന് പഠിപ്പിക്കുവാനുമാണ്. സർവ്വശക്തൻ (ഹൈൽതോനോ) എന്നതിന് എബ്രായ ഭാഷയിൽ സാബോത് എന്ന് പറയുന്നു, വാക്കിന്റെ അർത്ഥം സൈന്യങ്ങളുടെ കർത്താവായ (ഉടയവനായ) സർവ്വശക്തൻ എന്നാണ്.

മറ്റൊരുതരത്തിൽ യെശയ്യാ പ്രവാചകൻ പരിശുദ്ധ ത്രിത്വത്തിൽ ഒരുവനെ മുൻകൂട്ടി കണ്ടു അതായത് മനുഷ്യാവതാരം ചെയ്യുവാനിരിക്കുന്ന പുത്രൻ ഉയർന്ന സിംഹാസനത്തിൽ ഇരിക്കുന്നതും സ്രോപ്പേന്മാർ ചുറ്റും നിൽക്കുന്നതും (അവൻ കണ്ടു). യെശായ്യാ പുത്രന്റെ മഹത്വം കണ്ട് അവനേക്കുറിച്ച് പറഞ്ഞു എന്ന് യോഹന്നാൻ ഏവൻഗേലിസ്ഥൻ സാക്ഷിച്ച് പറയുന്നു (യോഹ 12:41). നാം നേരത്തേ പറഞ്ഞതുപോലെ, കൂറീലോസ് യെശയ്യാവിന്റെ ദർശനം പുത്രനേക്കുറിച്ചുള്ളതെന്ന് വ്യാഖ്യാനിച്ചു. അവർ തങ്ങളുടെ മുഖങ്ങളെ മറച്ചപ്പോൾ അവന്റെ നിത്യതയെ ഗ്രഹിക്കുവാൻ അവർക്ക് കഴിയുകയില്ല എന്ന് അവർ കാണിക്കുകയായിരുന്നു. തങ്ങളുടെ പാദങ്ങളെ മൂടുന്നത് അവന്റെ




മനുഷ്യാവതാരവും അവർക്ക് ഗ്രഹിക്കുവാൻ കഴിയില്ല എന്ന് സൂചിപ്പിക്കുകയുമാണ്. രണ്ട് കൊണ്ട് അവർ പറക്കുന്നു എന്നതുകൊണ്ട് അവർ അവനെ എന്നെന്നേക്കും സ്തുതിക്കുകയും വാഴ്ത്തുകയും ചെയ്യുന്നു എന്നാണ് സൂചിപ്പിക്കുന്നത്. മൂന്ന് പ്രാവശ്യം കാദീശ് എന്ന് ആർക്കുന്നത് അവൻ മൂന്നിൽ ഒരു ആളത്തമാണെന്ന് കാണിക്കുവാനാണ്. വീണ്ടും അവനെ കർത്താവ് എന്ന് അവർ വിളിക്കുന്നത് അവൻ പിതാവിനോടും പരിശുദ്ധ റൂഹായോടും കൂടെ സാരാംശത്തിൽ സമനാണെന്ന് കാണിക്കുവാനാണ്. അവനെ സർവ്വശക്തൻ എന്ന് അവർ വിളിക്കുന്നത് അവൻ ആരംഭം മുതൽ മാറ്റമില്ലാത്ത ദൈവമാണെന്നും അവൻ സാത്താനേയും മരണത്തേയും ജയിച്ചു എന്നും തന്റെ ദൈവിക ശക്തിയാൽ നമ്മുടെ വർഗ്ഗത്തെ രക്ഷിച്ചു എന്നും കാണിക്കുവാനും ആണ്. വീണ്ടും, അവരുടെ മുഖം മറയ്ക്കുന്നത് സ്രോപ്പേന്മാർ എല്ലാവരും വളരെ ഉന്നതമായ സ്ഥാനത്താണെങ്കിലും അവർക്ക് അനുവദനീയം ആയതിന് അപ്പുറത്തേക്ക് അവനെ പരിശോധിക്കുവാൻ ഭയപ്പെടുന്നു എന്ന് കാണിക്കുവാനാണ്. അവരുടെ കാലുകൾ മൂടിയിരിക്കുന്നത് നിന്നിൽ നിന്ന് അപ്രാപ്യമായിരിക്കുന്നതിനെ നീ അളന്നു നോക്കരുത് എന്ന് എഴുതിയിരിക്കുന്നത് പോലെ (ബെൻസീറാ 3:23) ദൈവത്തിന്റെ വിധികളുടെ ആഴങ്ങളെ ആരാഞ്ഞറിയുവാൻ അവർക്ക് കഴിയുകയില്ല എന്ന് സൂചിപ്പിക്കുവാനാണ്. മധ്യഭാഗത്തുള്ള രണ്ട് ചിറകുകൾ കൊണ്ട് അവർ പറക്കുന്നത് പിശാച് ദൈവത്തിന്റെ കൽപ്പനയിൽ നിന്ന് തെറ്റി വീണു പോയതുപോലെ അവരുടെ മേൽ വച്ചിരിക്കുന്ന നിയമങ്ങളിൽ നിന്ന് തെറ്റിപ്പോകാതെ ദൈവത്തിൽ നിന്ന് അവർക്ക് ലഭിച്ചിരിക്കുന്ന (നിയമങ്ങൾ) കൊണ്ട് അവർ അളക്കപ്പെടുന്നു എന്ന് ചൂണ്ടിക്കാണിക്കുവാനാണ്.

ജനം ഉടൻ **പരിശുദ്ധൻ പരിശുദ്ധൻ പരിശുദ്ധൻ** എന്ന് ഉറക്കെ പറയുന്നു.

അതായത് സ്വർഗ്ഗത്തിലോ, ഭൂമിയിലോ, ബലിപീഠത്തിന്മേലോ, സർവ്വ ഇടങ്ങളിലുമോ അടങ്ങുകയില്ലാത്ത മൂന്ന് ആളത്തങ്ങൾക്ക് സ്തുതി. ഉന്നതമായ സ്തുതിയും. മാലാഖമാരോട് കൂടി പുകഴ്ചകളും മാലാഖമാരുടെ ദൈവിക ജ്ഞാനത്തിനും തന്റെ മനുഷ്യാവതാര വ്യാപാരത്തിലൂടെ നാം അർഹരായിത്തീർന്നു. അത് മേലുള്ളവരാലും താഴെയുള്ളവരാലും പൗരോഹിത്യ മേശമേൽ (ബലിപീഠത്തിന്മേൽ) ഇന്ന് പ്രഘോഷിക്കപ്പെടുന്നു. മൂന്ന് പ്രാവശ്യം പരിശുദ്ധൻ (എന്ന് പറയുന്നു) അതുകൊണ്ട് സാരാംശമോ മറ്റൊരു ആളത്തമോ അവന്റെ സത്തയോട് കൂട്ടിച്ചേർക്കുവാൻ പാടില്ല എന്ന് നീ പഠിക്കുവാനാണ്. ത്രിത്വത്തിനും എല്ലാ ആളത്വത്തിനും അവർ മൂന്ന് (പ്രാവശ്യം) കാദീശ് അർപ്പിക്കുന്നു കാരണം അവർക്ക് ഒരു സാരാംശവും മൂന്ന് ആളത്വവും ആകുന്നതുകൊണ്ടാണ്.

വീണ്ടും, കാദീശ്, കാദീശ്, അതായത് അല്ലയോ പട്ടക്കാരാ, സ്രാപ്പേന്മാർ വചനമായ ദൈവത്തെ വാഴ്ത്തുന്നു എന്ന് നീ പറഞ്ഞതുപോലെ, ഞങ്ങളും അവനെ വാഴ്ത്തുന്നു. അവൻ സർവ്വശക്തനായ കർത്താവാകുന്നു. കാരണം അവൻ സകലത്തേയും ഉണ്മയിലേക്ക് കൊണ്ടുവരുകയും അവയെ വഹിക്കുകയും നശിക്കാതെ അവൻ അവയെ കാത്ത് പരിപാലിക്കുകയും ചെയ്യുന്നു. വീണ്ടും, അവൻ ദൈവമായിരുന്നതിനാൽ അവൻ ജഡം എടുത്തപ്പോൾ അവൻ വ്യത്യാസപ്പെട്ടില്ല. എന്നാൽ അവൻ മരണത്തേയും സാത്താനേയും വിജയിച്ച് നമ്മെ വീണ്ടെടുത്തു. നമ്മുടെ ഹീനാവസ്ഥയെ പ്രതി അവൻ ജഡം എടുത്തു എങ്കിലും അവൻ തന്റെ ദൈവത്വത്തിൽ ശക്തനായിരുന്നു.

**സ്വർഗ്ഗം നിറഞ്ഞിരുന്നവൻ:** അതായത് സ്വർഗ്ഗത്തിലും ഭൂമിയിലും ഉള്ള സകലവും തന്നെ മഹത്വപ്പെടുത്തുന്നവന് ഊശാനാ. അതായത് എബ്രായ ഭാഷയിൽ ഊശാനോ എന്നാൽ രക്ഷ എന്നാണ് അർത്ഥം. ഗ്രീക്ക് ഭാഷയിൽ സൂസൂനോ അതായത് സ്തുതി. ഗ്രീക്കിലും സുറിയാനിയിലും എബ്രായ ഭാഷയിലെ ഊശാനയിൽ നിന്ന് കടം എടുത്തതാണ്. അവൻ തന്റെ ജനത്തെ അവരുടെ പാപത്തിൽ നിന്ന് വീണ്ടെടുക്കും (മത്താ. 1:22) എന്ന് പറയുന്നതു പോലെ, യേശു സത്യമായും രക്ഷിതാവാകുന്നു. അവൻ നമ്മെ മരണത്തിൽ നിന്നും സാത്താനിൽ നിന്നും വീണ്ടെടുത്തു (എബ്രാ. 2:4). അവർ അവനെ അറിഞ്ഞിരുന്നു എങ്കിൽ സ്തുതികളുടെ നാഥനെ അവർ ക്രൂശിക്കുകയില്ലായിരുന്നു (1 കൊരി. 2:8) എന്ന് (പൗലോസ് ശ്ലീഹാ പറഞ്ഞതു) പോലെ അവൻ സ്തുതികളുടെ നാഥനാകുന്നു. അതുകൊണ്ട് ജഡം എടുക്കുകയും നമ്മെ രക്ഷിക്കുകയും ചെയ്ത പുത്രന് അത്യുന്നതങ്ങളിൽ ഊശാന എന്ന് നാം പറയും.

**വന്നവനും വരുവാനിരിക്കുന്നവനും വാഴ്ത്തപ്പെട്ടവനാകുന്നു.** അവന്റെ ആദ്യത്തെ വരവിൽ അവൻ വന്ന് നമ്മെ രക്ഷിച്ചു. വരും എന്നത് ന്യായവിധിയ്ക്കും എല്ലാവർക്കും പ്രതിഫലം കൊടുക്കുവാനുള്ള തന്റെ രണ്ടാമത്തെ വരവിനെയാണ് (ഉദ്ദേശിക്കുന്നത്). **കർത്താവിന്റെ നാമത്തിൽ:** അതായത് തന്റെ പിതാവിന്റെ നാമത്തിൽ ആദ്യം അവൻ വന്നു. അപ്രകാരം കർത്താവിന്റെ നാമത്തിലുള്ള അവന്റെ രണ്ടാമത്തെ വരവിൽ, അതായത്, അവന്റെ പിതാവിന്റെ (നാമത്തിൽ) വരും. അവന്റെ സാരാംശത്തിന് കുറവോ ഭിന്നതയോ ഇല്ല എന്നാലോ അവൻ തന്റെ പിതാവിനോട് സത്തയിൽ സമനാകുന്നു.

വീണ്ടും, നാം മൂന്നു പ്രാവശ്യം പരിശുദ്ധൻ എന്ന് പറയുന്നത് എല്ലാവരും വാഴ്ത്തുന്നവരും എല്ലാവരാലും വാഴ്ത്തപ്പെടുന്നവനുമായ പിതാവും പുത്രനും പരിശുദ്ധാത്മാവും ആയ മൂന്ന് ആളത്തങ്ങളോട് കൂടിയ ഏക ദൈവത്തെ ലോകത്തിലുള്ള വിശുദ്ധന്മാരുടെ വിശുദ്ധിയിലുള്ള പുകഴ്ത്തൽ അപൂർണ്ണമാണ് എന്ന് സൂചിപ്പിക്കുവാനാണ്.

**കാദീശിന് ശേഷം കൈ നീട്ടിക്കൊണ്ട് ഗഹന്താ** വരെ (ശബ്ദം താഴ്ത്തിയുള്ള/വണങ്ങിനിന്നുള്ള പ്രാർത്ഥന) അവൻ (പട്ടക്കാരൻ) ആത്മീയ സൈന്യങ്ങളെയും അവരോടുകൂടെ സൃഷ്ടികളേയും അവയുടെ നിരകളേയും ഓർക്കുന്നു. കാദീശിനു ശേഷമുള്ള ഗഹന്താ മുതൽ മാളികമുറിയിലെ സംഭവം വരെ ആദാമിന്റെ സൃഷ്ടിപ്പിന്റെ സമയം അവനു നൽകിയ ദാനങ്ങൾ, സ്വതന്ത്രാധികാരം, ഭാര്യയുടെ ഉപദേശം മൂലം ഉണ്ടായ വീഴ്ച, അന്ത്യ നാളുകളുകളിൽ എങ്ങനെ പുത്രൻ മുഖാന്തിരം അവൻ രക്ഷിക്കപ്പെട്ടു ഇവ അവൻ പഠിപ്പിക്കുന്നു.

**വീണ്ടും, പട്ടക്കാരൻ ശബ്ദം താഴ്ത്തിക്കൊണ്ട് പ്രാർത്ഥിക്കുന്നു:** നീ സത്യമായും പരിശുദ്ധൻ ആകുന്നു. അതായത്, സ്രാപ്പേന്മാർ വാഴ്ത്തിയ ത്രിത്വത്തെയും ജനം പരിശുദ്ധൻ പരിശുദ്ധൻ പരിശുദ്ധൻ എന്നിത്യാദി (വാഴ്ത്തി) മറുപടിയായി പറയുന്നതും അവൻ സ്ഥിരീകരിക്കുന്നു. വീണ്ടും പട്ടക്കാരൻ



ഗഹന്തായിൽ പറയുന്നു, പിതാവേ നീ പരിശുദ്ധൻ ആകുന്നു, നിന്റെ ഏകജാതനായ പുത്രൻ പരിശുദ്ധൻ ആകുന്നു. നിന്റെ പരിശുദ്ധ റൂഹായും പരിശുദ്ധനാകുന്നു. പിന്നീട് അതേ ഗഹന്തായിൽ പിതാവിനെ സംബോധന ചെയ്തുകൊണ്ട് നമുക്കുവേണ്ടിയുള്ള പുത്രന്റെ മനുഷ്യാവതാര വ്യാപാരത്തേക്കുറിച്ച് വിവരിച്ച് പറയുന്നു. അവൻ തുടർന്നും വിവരിച്ചുകൊണ്ടിരിക്കുമ്പോൾ എഴുന്നേറ്റ് നിന്ന് മാളിക മുറിയിൽ വച്ചുള്ള രഹസ്യാത്മകമായ അത്താഴത്തിൽ സംഭവിച്ചത് വിവരിക്കുന്നു. മാളികമുറിയിലെ ബലിയെക്കുറിച്ചുള്ള സ്മരണയിലൂടെ നാം എല്ലാവരും ഒന്നിച്ചുള്ള പുതിയ ജീവിതത്തിൽ അവ്യക്തത മാറ്റുന്ന പൂർണ്ണ അറിവിന് നാം യോഗ്യരായിത്തീരുമ്പോൾ പുതിയ ആത്മീയ ഐക്യത്തോടെ ആചാര്യത്വപരമായി നാം ആചാര്യത്വ ശുശ്രൂഷ നടത്തും എന്ന് സൂചിപ്പിക്കുന്നു.

ഇവിടെ മറ്റൊരു കാര്യം കൂടെ അറിയുന്നത് യുക്തമാണ്. കുർബ്ബാനയുടെ വ്യാഖ്യാതാക്കൾ അവർ വ്യാഖ്യാനിക്കുമ്പോൾ വ്യാഖ്യാനം ആവശ്യമുള്ള ഭാഗങ്ങൾ (മാത്രമേ) വ്യാഖ്യാനിക്കുകയുള്ളൂ. എല്ലാ ഭാഗങ്ങളും വ്യാഖ്യാനത്തിൽ എഴുതാറില്ല. ചില മുൻ പകർത്തി എഴുത്തുകാർ ശരിയായ ശ്രദ്ധകൊടുക്കാതെ മേൽ പറഞ്ഞ ഗഹന്തായിൽ പിഴവു വരുത്തി പീഡ പിതാവിന് ആരോപിച്ചിരിക്കുന്നു. സർവ്വത്തേയും വഹിക്കുന്നവനേ, സർവ്വശക്തനേ, ബലവാനേ, നല്ലവനേ, പ്രത്യേകിച്ച് സൃഷ്ടിക്കുവേണ്ടി കഷ്ടതകളിൽ പങ്കാളിയായവനേ നീ പരിശുദ്ധനാകുന്നു എന്നിങ്ങനെ അവർ എഴുതി. അങ്ങനെ കഷ്ടതകൾ അവർ പിതാവിലേക്ക് മാറ്റി (ആരോപിച്ചു).

ചില പൂർവ്വീക വ്യാഖ്യാതാക്കൾ ഈ ഭാഗം ഇങ്ങനെ വ്യാഖ്യാനിച്ചു, അതായത് പുത്രൻ അടികൊണ്ടപ്പോൾ പിതാവ് പീഡകളനുഭവിക്കുന്നു. അങ്ങനെ പുത്രന്റെ കഷ്ടതയിൽ പിതാവ് സഹിക്കുന്നു. മറ്റുള്ളവരുടെ (അഭിപ്രായത്തിൽ) അവൻ സ്വന്ത ഇഷ്ടപ്രകാരം കഷ്ടം അവനുഭവിച്ചു. പറഞ്ഞിരിക്കുന്നതു പോലെ അവൻ സ്വഭാവത്തിൽ അനുതാപത്തിന് അതീതനായിരുന്നെങ്കിലും ആദാമിനെ സൃഷ്ടിച്ചതു മൂലം പിതാവ് അനുതപിച്ചു. അങ്ങനെ അവൻ കഷ്ടതകൾക്ക് അതീതനാണെങ്കിലും കഷ്ടത അനുഭവിച്ചു എന്ന് പറയപ്പെടുന്നു. എന്നാൽ പിതാവ് കഷ്ടം അനുഭവിച്ചു എന്ന് പറയുന്നവൻ യഹൂദന്മാരോടുകൂടെ ദൈവത്തെ ക്രൂശിച്ചവരാകുന്നു എന്ന് ക്ലിമ്മീസിന്റെ എട്ടാമത്തെ പുസ്തകത്തിൽ പറയുന്നു എന്നു നാം കേൾക്കുന്നു. അതുകൊണ്ട് ആ ഗഹന്തായിൽ ഒരു പിഴവുണ്ട് എന്ന് നമുക്ക് മനസ്സിലാക്കാം. അത് മൽപ്പാന്മാരാൽ സംഭവിച്ചതല്ല എന്നാലോ പകർത്തി എഴുത്തുകാരാൽ ഉണ്ടായതാണ്.

മറ്റൊരു സംഗതി, പുത്രൻ ജഡത്തിൽ കഷ്ടത അനുഭവിച്ചു എന്ന് നാം പറഞ്ഞാൽ നാം ദൈവത്തെ കൊന്നവർ എന്നുവരെ വിശ്വാസ വിപരീതികൾ നമ്മെ വിളിക്കും. പിതാവ് കഷ്ടത അനുഭവിച്ചു എന്നുകൂടെ അവർ കേട്ടാൽ എത്രമാത്രം അവർ നമ്മെ പഴിക്കും. എന്നാൽ നമ്മുടെ ശരിയായ വാക്കുകളും അവയുടെ കൂട്ടിച്ചേർക്കലും ഇങ്ങനെയാണ്. "സകലത്തേയും വഹിക്കുന്നവനേ, സർവ്വശക്തനേ, ഭയപ്പെടത്തക്കവനേ, നല്ലവനേ, നിന്റെ കൈവേലയ്ക്കുവേണ്ടി നിന്റെ പുത്രനോടുകൂടെ കഷ്ടതകൾ പങ്കുവച്ചവനേ നീ പരിശുദ്ധനാകുന്നു." എന്നാൽ നിന്റെ പുത്രന്റെ കൂടെ എന്നുള്ളത് പകർത്തി എഴുത്തുകാർ വിട്ടുപോയി. വീണ്ടും ഇതിൽ നിന്ന് നാം മനസ്സിലാക്കുന്നത് ആരെങ്കിലും ഈ വാക്കുകളുമായി വരുന്നു എങ്കിൽ, അവൻ പറയുന്നു: അതായത്, അവൻ നിയമം മൂലം അവനെ വിളിച്ചു, പ്രവാചകന്മാർ മുഖേനെ അവനെ നടത്തി അവസാനം നിന്റെ ഏകജാതനായ പുത്രനെ നീ ലോകത്തിലേക്ക് അയച്ചു. ഇതിൽ ''നിന്റെ ഏകജാതനായ പുത്രൻ'' എന്ന് കാണിക്കുന്നത് അവന്റെ

പുത്രന്റെ കൂടെ അവനെ (പിതാവിനെ) ഓർത്തു എന്ന് സൂചിപ്പിക്കുവാനാണ്. വീണ്ടും അവൻ എന്ന വാക്കിൽ നിന്നും ശബ്ദത്തിൽ നിന്നും മനസ്സിലാകുന്നത് പിതാവിനെക്കുറിച്ച് പറയുന്നു എങ്കിലും അതിന്റെ പ്രത്യേക സ്ഥാനത്ത് മാത്രമെ ഇങ്ങനെ അത് പറയുന്നുള്ളൂ. നീ ഭയങ്കരനും നല്ലവനും കഷ്ടതകൾ പങ്കുവച്ചവനും (ആകുന്നു). എന്നാൽ അവൻ ഇപ്രകാരം പറഞ്ഞു "അവൻ (കഷ്ടത) പങ്കുവച്ചു" എന്നാണ് അല്ലാതെ "നീ പങ്കുവച്ചു" എന്നല്ല. അത് കാണിക്കുന്നത് നിന്റെ പുത്രനോടു കൂടെ അവന്റെ കഷ്ടതകളെ പങ്കുവച്ചവനേ എന്ന് അർത്ഥമാക്കുവാനാണ്.

ഈ ഗഹന്തായിലെ ചുരുക്കം വാക്കുകൾകൊണ്ട് ദൈവത്തിന്റെ മനുഷ്യരോടുള്ള കൃപകളുടെ എല്ലാ ലക്ഷ്യങ്ങളും അനുസ്മരിക്കുന്നു. അതായത്, അവന്റെ ആദ്യത്തെ സൃഷ്ടി, പറുദീസായിലെ അവന്റെ അനുഗ്രഹം, അവന് ഏൽപ്പിച്ചുകൊടുത്ത നിയമം, എങ്ങനെ അവന്റെ കൽപ്പന ലംഘനം, വീഴ്ച്ച, എങ്ങനെ വചനം ജഡമായിത്തീർന്നു, ജഡത്തിലുള്ള അവന്റെ കഷ്ടത, എങ്ങനെ അവൻ നമ്മെ തന്റെ മനുഷ്യ സ്നേഹത്താൽ രക്ഷിച്ചു (തുടങ്ങിയവ).

(തുടരും)



**ഡൽഹി ഭദ്രാസന മെത്രാപ്പോലീത്താ ഡോ. യൂഹാനോൻ മാർ ദിമിത്രിയോസ്, ഭദ്രാസന സെക്രട്ടറി ഫാ. സജി യോഹന്നാൻ, സഭാ മാനേജിങ് കമ്മിറ്റി അംഗങ്ങളായ ഫാ. ഷാജി മാത്യൂസ്, ജിജി കെ. നൈനാൻ, അഡ്വ. കോശി ജേക്കബ്, ഓഫീസ് സെക്രട്ടറി ഫാ. എബിൻ ജേക്കബ് തുടങ്ങിയവർ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ അഖിലേന്ത്യാ ജനറൽ സെക്രട്ടറി സീതാറാം യച്ചൂരിയെ പാർട്ടി ആസ്ഥാനമായ ഡൽഹിയിലെ എകെജി ഭവനിൽ നേരിൽ കണ്ട് സുപ്രീംകോടതി വിധിക്കെതിരെയുള്ള നിയമ നിർമ്മാണത്തെപ്പറ്റിയുള്ള ആശങ്കകൾ അറിയിക്കുകയും, നിവേദനം നല്കുകയും ചെയ്തു. തദവസരത്തിൽ മുൻ കേരളാ വിദ്യാഭ്യാസ വകുപ്പ് മന്ത്രി എം. എ. ബേബിയും സന്നിഹിതനായിരുന്നു.**



**മർത്തമറിയം സമാജം ഡൽഹി ഭദ്രാസന ഏകദിന സമ്മേളനം ഡോ. യൂഹാനോൻ മാർ ദിമിത്രിയോസ് ഉദ്ഘാടനം ചെയ്യുന്നു.**




**കോട്ടയം ഓർത്തഡോക്സ് വൈദിക സെമിനാരിയിൽ നിർമ്മിക്കുന്ന ഫാമിലി ക്വാർട്ടേഴ്സ് സമുച്ചയത്തിന്റെ ശിലാസ്ഥാപന ശുശ്രൂഷ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവ നിർവ്വഹിക്കുന്നു. സെമിനാരി വൈസ് പ്രസിഡൻറ് ഡോ. മാത്യൂസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ സമീപം.**



## മാത്യൂസ് മാർ തേവോദോസിയോസ് പ്രാർത്ഥനായോഗം പ്രസിഡന്റ്

ദേവലോകം: അഖില മലങ്കര പ്രാർത്ഥനയോഗം പ്രസിഡന്റ് ആയി മാത്യൂസ് മാർ തേവോദോസിയോസിനെ പ. കാതോലിക്കാ ബാവാ നിയമിച്ചു.



**പരുമല സെമിനാരിയിൽ പാതിനോമ്പ് ശുശ്രൂഷകൾക്ക് ഡോ. മാത്യൂസ് മാർ തീമോത്തിയോസ് മുഖ്യകാർമ്മികത്വം വഹിച്ചു.**



## ഈപ്പൻ പി. വി. ബി.എസ്.എഫ് ഐ.ജി.

ബാംഗ്ലൂർ: ഈപ്പൻ പി. വി. ബി.എസ്. എഫിന്റെ ബാംഗ്ലൂർ ഐജിയായി നിയമിതനായി. ആറാട്ടുപുഴ സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി ഇടവകാംഗം പടനിലത്തുവിട്ടിൽ പരേതനായ എൻ. ഇ. വർഗീസിന്റെയും ഏലിയമ്മ വർഗീസിന്റെയും മകനാണ്.

ലേഖനം

# വലിയ നോമ്പിലെ അഞ്ചാം ഞായറാഴ്ച: ശൊമ്റോയോ തോബോ?

## വർഗീസ് ജോൺ തോട്ടപ്പുഴ

വലിയ നോമ്പിലെ അഞ്ചാം ഞായറാഴ്ച (2023 മാർച്ച് 19) വിശുദ്ധ കുർബാനയിൽ ഏവൻഗേലിയ്ക്കു ശേഷം ചൊല്ലുന്ന 'ആദാമവശതപൂണ്ടപ്പോൾ... ഘോഷിച്ചാൻ' എന്ന ഗീതവും ഹൂത്തോമ്മോയ്ക്ക് അനുബന്ധമായി ജനം ചൊല്ലുന്ന 'യേറുശലേം ..... സ്തുതിയെന്നവനാർത്തു' എന്ന ഗീതവും നല്ല ശമരിയാക്കാരന്റെ ഉപമയുമായി ബന്ധപ്പെട്ടതാണ്. സന്ധ്യാ നമസ്കാരത്തിൻറെ ഏവൻഗേലിയോൻ വായനയും (വി. ലൂക്കോസ് 10: 25 – 37) നല്ല ശമരിയാക്കാരന്റെ ഉപമയാണ്. എന്നാൽ പ്രഭാത നമസ്കാരത്തിന്റെ ഏവൻഗേലിയോൻ വായന (വി. ലൂക്കോസ് 7: 11 – 17) നയിനിലെ വിധവയുടെ മകനെ ഉയർപ്പിക്കുന്ന സംഭവം ആണ്. അതേസമയം 'നീണാൾ ..... സ്തോത്രം' (കാസോലിക്കി) കൂനി സ്ത്രീയെ സൗഖ്യമാക്കിയ സംഭവം സ്മരിക്കുന്നു.

മലങ്കരസഭ വലിയ നോമ്പിലെ അഞ്ചാം ഞായറാഴ്ച കൂനിസ്ത്രീയെ സൗഖ്യമാക്കിയ സംഭവം സ്മരിക്കുമ്പോൾ (ക്പിപ്ത്തോ) അന്ത്യോഖ്യൻ സഭ നല്ല ശമരിയാക്കാരന്റെ ഉപമയാണ് (ശൊമ്റോയോ തോബോ) സ്മരിക്കുന്നത്. അതേ സമയം മലങ്കരയിലെ യാക്കോബായ വിഭാഗത്തിനും ഇതു ക്പിപ്ത്തോ ഞായറാഴ്ച ആണ്. പാശ്ചാത്യ/അന്ത്യോഖ്യൻ സുറിയാനി ആരാധനാക്രമമാണല്ലോ മലങ്കരസഭ സ്വീകരിച്ചിരിക്കുന്നത്.

ആരാധനാക്രമങ്ങളിലുള്ള വൈവിധ്യം പാശ്ചാത്യ (അന്ത്യോഖ്യൻ) സുറിയാനി പാരമ്പര്യത്തിന്റെ ഒരു പ്രത്യേകതയാണ്. വേദവായനക്കുറിപ്പിന്റെ കാര്യത്തിലും ഇത്തരത്തിലുള്ള വൈവിധ്യം കാണാവുന്നതാണ്. അന്ത്യോഖ്യായിൽ നിന്നും കുറെയൊക്കെ വ്യത്യസ്തമായ ആരാധനാക്രമങ്ങളും വേദവായനക്കുറിപ്പുകളും പൗരസ്ത്യ കാതോലിക്കായുടെ ഭരണസീമയിൽപ്പെട്ട തെഗ്രീസിലും മൂസലിലും ഉപയോഗിച്ചിരുന്നു. അന്ത്യോഖ്യൻ സഭയുടെ തന്നെ കീഴിലുള്ള യെരുശലേമിലും കുറെയൊക്കെ വ്യത്യാസമുള്ള ക്രമങ്ങളാണ് ഉപയോഗിച്ചിരുന്നത്. ഓർത്തഡോക്സ് സുറിയാനി സഭയിലെ ആരാധനാക്രമങ്ങൾക്ക് ഒരു ഐകരൂപ്യം വന്നത് അവ അച്ചടിച്ചു തുടങ്ങിയതിനു ശേഷമാണ്. വേദവായനക്കുറിപ്പിനും പ്രാദേശികമായ ചെറിയ വ്യത്യാസങ്ങൾ ഉണ്ട്.

### വി. വലിയ നോമ്പിലെ അഞ്ചാമത് ഞായറാഴ്ച: വിവിധ സഭകളിലെ വി. കുർബാനയുടെ സുവിശേഷ വായന ഭാഗങ്ങൾ

1. മലങ്കരയിലെ സുറിയാനി ഓർത്തഡോക്സ് സഭകൾ : കൂനിയായ സ്ത്രീ (വി ലൂക്കോസ് 13: 10–17).

2. അന്ത്യോഖ്യയിലെ പ. സുറിയാനി ഓർത്തഡോക്സ് സഭകൾ: നല്ല ശമര്യാക്കാരന്റെ ഉപമ (വി ലൂക്കോസ് 10:25–37).

3. റോമൻ കത്തോലിക്കാ സഭകൾ: അഞ്ചപ്പം കൊണ്ടു അയ്യായിരം പേരെ പോഷിപ്പിക്കുന്നത് (വി യോഹന്നാൻ 6:1–15).

5. ബൈസാന്റിയൻ ഓർത്തഡോക്സ് സഭകൾ: ദുരാത്മാവ് ബാധിച്ച ബാലനെ സൗഖ്യപ്പെടുത്തുന്നത് (വി മർക്കൊസ് 9:17–31).

5. ആംഗ്ലിക്കൻ സഭകൾ അഞ്ചപ്പം കൊണ്ടു അയ്യായിരം പേരെ പോഷിപ്പിക്കുന്നത് വി. യോഹന്നാൻ 6:1–15).

6 ദക്ഷിണേന്ത്യാ സഭ CSI: യേശുക്രിസ്തുവിന്റെ തേജസ്കരണം (വി. ലൂക്കോസ് 9:28–36).

- Dr M Kuriakose Mukalathu, Pulluvazhi, Keezhillam



**ആരാധനാക്രമങ്ങളിലുള്ള വൈവിധ്യം പാശ്ചാത്യ (അന്ത്യോഖ്യൻ) സുറിയാനി പാരമ്പര്യത്തിന്റെ ഒരു പ്രത്യേകതയാണ്. വേദവായനക്കുറിപ്പിന്റെ കാര്യത്തിലും ഇത്തരത്തിലുള്ള വൈവിധ്യം കാണാവുന്നതാണ്. അന്ത്യോഖ്യായിൽ നിന്നും കുറെയൊക്കെ വ്യത്യസ്തമായ ആരാധനക്രമങ്ങളും വേദവായനക്കുറിപ്പുകളും പൗരസ്ത്യ കാതോലിക്കായുടെ ഭരണസീമയിൽപ്പെട്ട തെഗ്രീസിലും മൂസലിലും ഉപയോഗിച്ചിരുന്നു.**

യായിറോസിന്റെ മകളെ ഉയർപ്പിക്കുന്ന സംഭവം (വലിയ നോമ്പിലെ മൂന്നാം ഞായർ), ശതാധിപന്റെ ദാസന്റെ സൗഖ്യം (നാലാം ഞായർ), നയിനിലെ വിധവയുടെ മകനെ ഉയർപ്പിക്കുന്ന സംഭവം (അഞ്ചാം ഞായർ), നല്ല ശമരിയാക്കാരന്റെ ഉപമ (ആറാം ഞായർ) തുടങ്ങി വ്യത്യസ്തമായ വേദവായനാഭാഗങ്ങൾ അന്ത്യോഖ്യൻ സഭ വിവിധ കാലങ്ങളിലും വിവിധ പ്രദേശങ്ങളിലും ഉപയോഗിച്ചിരുന്നു. കൂടുതൽ വിവരങ്ങൾക്ക് വലിയ നോമ്പിലെ വേദവായനകൾ (ഫാ. ഡോ. ബേബി വർഗീസ്, പുരോഹിതൻ 1989 ജനുവരി – മാർച്ച് പേജ് 33 – 36) കാണുക.

നാലാം ഞായർ (ക്നാനൊയ്തോ) പ്രഭാത ഏവൻഗേലിയോനിൽ ശതാധിപന്റെ ദാസന്റെ സൗഖ്യം (വി. ലൂക്കോസ് 7: 1 – 10) ഉൾപ്പെടുത്താനുള്ള കാരണം വ്യക്തമാണല്ലോ. ക്പിപ്ത്തോ ഞായറാഴ്ച പഴയനിയമവായനയിൽ ജ്ഞാനിയായ ബാറാസീറായുടെ (പ്രഭാഷകൻ) പുസ്തകത്തിൽ (51:17–39; 42:15–43: 11) നിന്നുള്ള വായനയും നമുക്ക് ശ്രവിക്കാം.

അന്ത്യോഖ്യൻ സുറിയാനി ഓർത്തഡോക്സ് സഭ നമ്മിൽ നിന്ന് ഒരാഴ്ച വൈകി 2023 ഏപ്രിൽ 16–നാണ് ഈസ്റ്റർ ആഘോഷിക്കുന്നത്. അതുകൊണ്ട് അവർക്ക് വലിയ നോമ്പിലെ അഞ്ചാം ഞായറാഴ്ച മാർച്ച് 26–നാണ്. ചില വർഷങ്ങളിൽ (2001, 2004, 2007, 2010, 2011, 2014, 2017, 2025, 2028, 2031, 2034, 2037, 2038) ഈസ്റ്റർ ഒരുമിച്ചു വരും.

വിവിധ രാജ്യങ്ങളിലെ 20 കോടിയിലധികം ക്രൈസ്തവർ മിക്ക വർഷവും ഒന്നോ നാലോ അഞ്ചോ ആഴ്ചകൾ വൈകിയാണ് ഈസ്റ്റർ ആഘോഷിക്കുന്നത്. മലങ്കര, അർമേനിയൻ, ഫിന്നിഷ് എന്നിവ ഒഴികെയുള്ള ഓർത്തഡോക്സ് സഭകളും അസിറിയൻ (കൽദായ) സഭയിൽ ബാഗ്ദാദ് ആസ്ഥാനമായ വിഭാഗവും ചില സ്ഥലങ്ങളിൽ റോമൻ കത്തോലിക്കാ സഭയും ജൂലിയൻ കലണ്ടർ


പ്രകാരം ഈസ്റ്റർ തീയതി നിശ്ചയിക്കുന്നതാണ് കാരണം. ഗ്രിഗോറിയൻ -ജൂലിയൻ കലണ്ടറുകൾ തമ്മിൽ ഇപ്പോൾ 13 ദിവസം വ്യത്യാസമുണ്ടെങ്കിലും ഈസ്റ്റർ 35 ദിവസം വരെ വൈകാം. ക്രിസ്മസ് ആഘോഷത്തിനും ഇതുപോലെ തീയതി വ്യത്യാസമുണ്ട്.

വസന്ത വിഷുവം ആയ മാർച്ച് 21നോ അതിനു ശേഷമോ വരുന്ന പൗർണമിയുടെ പിറ്റെ ഞായറാഴ്ചയാണ് ഈസ്റ്റർ. ഈ പൗർണമി (പെസഹാചന്ദ്രൻ) ഞായറാഴ്ച വന്നാൽ ഈസ്റ്റർ അതിനടുത്ത ഞായറാഴ്ചയായിരിക്കും. നിഖ്യാ സുന്നഹദോസ് (എ.ഡി. 325) ആണ് ഈ തീരുമാനമെടുത്തത്. ഈസ്റ്റർ വരാവുന്ന ഏറ്റവും നേരത്തെയുള്ള തീയതി മാർച്ച് 22-ഉം (1598, 1693, 1761, 1818, 2285) ഏറ്റവും താമസിച്ചുള്ള തീയതി ഏപ്രിൽ 25-ഉം (1666, 1734, 1886, 1943, 2038, 2190) ആണ്. ഗ്രിഗോറിയൻ കലണ്ടർ അടിസ്ഥാനമാക്കിയുള്ള വർഷങ്ങളാണിവ.

മലങ്കര സുറിയാനി സഭയിലെ പാത്രിയർക്കീസ് പക്ഷം (ബാവാകക്ഷി) 1952 ഡിസംബർ 15-ന് യൽദോ നോമ്പാരംഭത്തിനും (പ. അപ്രേം പ്രഥമൻ ബാവായുടെ കൽപന നമ്പർ 620/05.11.1952) കാതോലിക്കാപക്ഷം (മെത്രാൻ കക്ഷി) 1953 മേയ് 14-ന് സ്വർഗാരോഹണ പെരുന്നാളിനുമാണ് (പ. ഗീവർഗീസ് ദ്വിതീയൻ ബാവായുടെ കൽപന നമ്പർ 59/16.04.1953) ഗ്രിഗോറിയൻ കലണ്ടർ (പുതിയ രീതി) സ്വീകരിച്ചത്.



**തിരുവനന്തപുരം ഭദ്രാസനത്തിന്റെ 2023 ഒ.വി.ബി.എസ്. ഗാന പരിശീലനത്തിന്റെ ഭദ്രാസനതല ഉദ്ഘാടനം ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ് നിർവഹിച്ചു.**




Painting: Fr Rijo Geevarghese
Ahmedabad Diocese

## Seminary: Mother Tree

പ്രിയപ്പെട്ട ഗുൽമോഹർ ...
പഠിത്തവീടിന്റെ അലങ്കാരമാണ് നീ.
ഏതോ വിദൂരങ്ങളിൽ നിന്ന് വേനലെത്തിയിട്ടും...
ഇലകളായ ഇലകളെല്ലാം പൊഴിഞ്ഞിട്ടും...
നീ മാത്രമിങ്ങനെ പൂത്തുലഞ്ഞു നില്കുന്നു.
അതിജീവനത്തിന്റെ അഴക് നിന്നിലാണ്.

എങ്കിലും നീയറിയുന്നുണ്ടോ
നീ പൂവിടുമ്പോൾ ചിലരുടെ ഹൃദയം വാടുന്നത് ?
നിന്റെ ചുവപ്പിന് അവരുടെ ചോരത്തുള്ളികളുടെ
നിറമാണ്.
അവരുടെ ജീവിതത്തിലെ
ഏറ്റവും മനോഹരമായ ഒരു കാലത്തിന്റെ
മൂകസാക്ഷിയാണ് നീ.
എന്നാൽ നിന്നിൽ നിന്നും
ഇപ്പോൾ പറന്നകലാൻ നേരമായി എന്നവരറിയുന്നു.
സന്തോഷങ്ങളെല്ലാം ഓർമ്മകളാക്കി
അവർ വിടവാങ്ങുമ്പോൾ
നിന്റെ മിഴികൾ നനയാതിരിക്കുമോ?

പ്രിയപ്പെട്ടവളേ,
വരാനിരിക്കുന്ന വസന്തത്തെ
ഉള്ളിൽ വഹിക്കുന്ന ഒരു അമ്മയാണ് നീ.
അപ്പവീഞ്ഞുകളെ കൈകളിലേന്തുന്നവർക്ക്
ജൻമം നൽകുന്ന ഈ പഠിത്തവീട് പോലെ...
ഈ ഭൂമികയിൽ ചില്ലകളുയർത്തി
കാലങ്ങളോളം നീ നിലകൊള്ളുക.
ഒരുപാട് പേരുടെ ജീവിതാഭിലാഷങ്ങൾക്ക് സാക്ഷിയായി
പിന്നീടെപ്പോഴോ അവർക്ക് പടിയിറങ്ങാൻ നേരമായി
എന്നതിന്റെ അടയാളമായി
അവസാനമില്ലാത്ത പൂക്കാലങ്ങൾ നിന്നിലുണ്ടാകട്ടെ..!!

Dn Sanjay Alias Joy (Kochi Diocese)

Church Calendar

# "The Invisible Bondages - Age of New Normalcy"

## (Healing of the Crippled Woman - Fifth Sunday of Great Lent)
## Luke 13:10-17



**Fr. Geevarghese Thomas**

The thrust of this healing account is in highlighting- i) Jesus Christ as the Lord of Sabbath, ii) God's deliverance as renewing the creation from its bondages on the sacred day. The modern world is adaptive to diverse new normalcies. In the history of mankind, the only norm which prevailed was - God speaking to His creation (certain commandments/imperatives). But, from the very beginning of the creation, this norm was diluted, ignored and manipulated by the drive called freewill. In modern times, a norm (leading to normalcy) is not something spoken as authoritative and amended as law. Rather, a passive and ignorant lifestyle is also becoming a norm leading to normalcy of this day! In that case, what is the scope of the renewal of God's creation? How do we observe any sacred day for God's deliverance? What are the bondages appearing as the new normalcies?



**Reflections**

**1. Discern the "norms of bondages" and convert them to the "norms of God".**

The Crippled Woman sets an example of converting the "norms of bondage" into the "norms of God." She had been bound by Satan. Though she suffered in her body, in the Divinely set time, her will led her to the Synagogue on the Sabbath day. The Crippled state was her bondage in the body. She had been suffering and facing a lot of difficulties since eighteen years. These conditions had become a new normalcy for her. But the gravity of her ailments is transformed into the liberation of seeing God's face and praising Him. By nature, the "norm of God" is the communion of the creation in the Love and the Glory of the Triune God! The "norms of God" (mentioned earlier as God speaking to His people - the imperatives) is the spiritual state of seeking and cherishing the divine assistance. However, the drive of freewill everytime holds a second path challenging the divine assistance. Often, this second path chosen, becomes the invisible bars for our souls. This bondage gradually becomes the new normalcy of our life.

The epistemology of our created order has started fading in the scope of aristocracy of every individual. There are two types of dominance in theological anthropology. First is the virtue bestowed by the Creator, which intrinsically highlights humility and stewardship. This is the dominance God has gifted us. The second one is the dominance sought and assimilated by the virtue of egocentrism. This activates in us by the evil drive and in all possible ways hinders us from experiencing the potential of our renewal.

Though the renewal (liberation) of God's creation will be fully realised in Christ's second coming, the potential of that renewal happens in this time and space. The potential of renewability in this time and space validates with the truth of God's Incarnation and His teachings. As the world advances with facilitative life, "the quest of realising our source" diminishes and gradually we belittle "the tangible Revelations." God assuming human flesh and the same Body and Blood made mystically tangible to us is the quintessential revelation in the history of mankind until the Second Coming. Often, we who are chosen to be the partakers in the Heavenly Table are the ones who are in action of creating "a bounded normalcy." Today, the voidness in Church is not a surprise. Because we are misled in adapting it as a new normalcy. Many of our youngsters are invisibly crippled by the drift of ignorance. The priorities and engagements pertaining to career, ease of life and egocentrism has enslaved us. The quest of secular excellence is important. It shouldn't be tread with the humps of spiritual ignorance. Ultimately, what we stake is irreparable once we transcend this time and space.

The Lord's Day is the Divinely set time (occasions) in our life to convert the "norms of bondages" or bent, into the "norms of God" (realising God's love, seeing His face and to stand confidently before His throne). We must ask often, what are the defying normalcies of my life (in the trending world) which hinders the liberation of my created order? The potential of perfection and the true beauty of human manifests when the Creator amalgamates in the creation, through realising the liberative norm of God.

**Conclusion**

Jesus says- *"Come to me, all you who are weary and burdened, and I will give you rest. Take my yoke upon you and learn from me, for I am gentle and humble in heart, and you will find rest for your souls. For my yoke is easy and my burden is light"* (Matthew 11:28-30). The yoke of Christ is easy than the defying worries of existentialism and egocentrism of this world. The yoke of Christ is to partake in the Love of Christ- obediently and sacrificially. What do I have to sacrifice? What are the norms of bondages hindering me from being renewed in Christ's likeness? Let us be wise in discerning the mirage of identifying ourselves in the normalcies of this world. May God bless us.

❑




തിരുവനന്തപുരം ഭദ്രാസന മർത്തമറിയം സോഷ്യൽ സർവീസ് സൊസൈറ്റിയുടെ മരിയോൺ പ്ലേ ഹോം (Special school for Differently abled children) 33-ാമത് വാർഷിക ദിനാഘോഷം പ്രസിഡന്റ് ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസിന്റെ അധ്യക്ഷതയിൽ നടന്നു.



നവീകരിച്ച മാവേലിക്കര തെയോഭവൻ അരമനയുടെ കൂദാശ എബ്രഹാം മാർ എപ്പിഫാനിയോസ് നിർവ്വഹിച്ചു.




The meeting of the North West India Council of Churches (NWICC) met on 11th March, 2023 at NCCI Office, CNI Bhavan.



പഞ്ചാബിലെ കപൂർത്തലയിൽ വച്ച് നടന്ന First All India S. Balker Sing Cheema Memorial National Basket Ball Turnament - 2023 ൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ടീമിന്റെ ക്യാപ്റ്റൻ ഗ്രിമ മെർലിൻ വർഗീസിനെ തിരുവിതാംകോട് അരപ്പള്ളിയിൽ വച്ച് വികാരിയും മാനേജരുമായ ബർസ്ലീബി റമ്പാൻ ആദരിച്ചു.

## കാതോലിക്കേറ്റ് അവാർഡ് സിസ തോമസിനും ഫാ. ഡോ. റെജി മാത്യൂസിനും





പത്തനംതിട്ട: യൂണിവേഴ്സിറ്റി ഓർത്തഡോക്സ് ക്രിസ്ത്യൻ ടീച്ചേഴ്സ് അസോസിയേഷൻ ഏർപ്പെടുത്തിയ കാതോലിക്കേറ്റ് അവാർഡുകൾ (10,000 രൂപ) പ്രഖ്യാപിച്ചു. ശാസ്ത്ര മേഖലയിലെ സമഗ്ര സംഭാവനയ്ക്കുള്ള പുത്തൻകാവിൽ ഗീവർഗീസ് മാർ പീലക്സിനോസ് അവാർഡിന് എ.പി.ജെ. അബ്ദുൽകലാം സാങ്കേതിക സർവകലാശാല മുൻ വൈസ് ചാൻസലർ ഡോ. സിസ തോമസിനെ തിരഞ്ഞെടുത്തു. അധ്യാപന രംഗത്തെ മികവിനുള്ള ദാനിയേൽ മാർ പീലക്സിനോസ് അവാർഡ് കോട്ടയം ഓർത്തഡോക്സ് വൈദിക സെമിനാരി പ്രിൻസിപ്പൽ ഫാ. ഡോ. റെജി മാത്യൂസിനും മാധ്യമ രംഗത്തെ മികവിനുള്ള പരിശുദ്ധ ബസേലിയോസ് ഗീവർഗിസ് ദ്വിതീയൻ കാതോലിക്കാ ബാവാ മാധ്യമ അവാർഡ് വനിത ഓൺലൈൻ ചീഫ് സബ് എഡിറ്റർ ബിനോയ് കെ. ഏലിയാസിനുമാണ്. 21ന് 10-ന് കാതോലിക്കേറ്റ് കോളജിൽ നടക്കുന്ന ചടങ്ങിൽ കുര്യാക്കോസ് മാർ ക്ലിമ്മീസ് അവാർഡുകൾ സമ്മാനിക്കും.



**കേരളാ മുനിസിപ്പൽ ആൻഡ് കോർപ്പറേഷൻ വർക്കേഴ്സ് കോൺഗ്രസ് (ഐ.എൻ.ടി.യു.സി.) സംസ്ഥാന പ്രസിഡണ്ടായി അഡ്വ. ചാണ്ടി ഉമ്മനെ തിരഞ്ഞെടുത്തു. മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടെ മകനാണ്. പുതുപ്പള്ളി സെന്റ് ജോർജ് ഇടവകാംഗം.**



# ഒറ്റപ്പെടലിന്റെ തുരുത്തിൽ കരുതലിന്റെ സാന്ത്വനം നൽകി സ്നേഹക്കൂട്ട് സംഗമം

കൂടു വിട്ടു പോകുന്ന കിളികളും ഒറ്റപ്പെട്ടു പോകുന്ന കൊമ്പനും ദുഃഖം ഒന്നേ ഉള്ളൂ. അത് ഏകാന്തതയുടെ കൂരിരുട്ടാണ്. നിങ്ങൾ മാതാപിതാക്കളെ വിട്ടുപിരിഞ്ഞു ഒരു ശരീരം ആയി തീരും എന്ന് വേദവാക്യം ശ്രവിച്ചു കരംപിടിച്ചു പള്ളിയുടെ പടി ഇറങ്ങുമ്പോൾ ആരംഭിക്കുന്ന സ്നേഹക്കൂട്ട് ഇടയ്ക്കുവച്ചു ഒന്നും പറയാതെ അകന്നു പോകുന്ന തീവണ്ടി പോലെ കണ്ണിൽ നിന്ന് മറഞ്ഞു മറഞ്ഞു ദൂരത്തേക്ക് പോകുമ്പോൾ, ചേർത്തുവെച്ച കൈകളിൽ ഒന്നിൽ തണുപ്പ് പിടിച്ചു മരച്ചു അകലേക്ക് അകന്നു പോകുമ്പോൾ ഉണ്ടാകുന്ന ഒറ്റപ്പെടലും വിരഹവും അതിന്റെ മനോഭാരവും ഈ അക്ഷരകൂട്ടങ്ങൾകൊണ്ട് ചേർത്ത് വെച്ചാൽ മാത്രം മനസിലാവുന്ന ഒന്നല്ല. ഒന്നും അറിയാത്ത ഒരു തുരുത്തിൽ ഒറ്റപ്പെട്ടുപോയ കൊച്ചു കുട്ടിയുടെ മാനസിക അവസ്ഥയാണ് അത്. ആ ആറടിമണ്ണിൽ അടക്കപ്പെട്ടത് ഇണയുടെ ശരീരം മാത്രമല്ല നമ്മുടെ വേറെ എന്തൊക്കെയോ കൂടെ ആ മണ്ണിൽ അടക്കപ്പെട്ടു എന്ന തോന്നൽ. ലോക പ്രകാരം എല്ലാം ഉണ്ട് എങ്കിലും എന്തൊക്കെയോ കുറവുകൾ ഉള്ളതുപോലെ. ഒരിക്കലും ആർക്കും നികത്തുവാൻ കഴിയാത്ത കുറവ്.

ഈ കുറവിന്റെ കാഠിന്യം കുറയ്ക്കുവാൻ 'സ്നേഹക്കൂട്ട്' എന്ന പരുമലയിൽ നടന്ന മലങ്കരസഭയുടെ പ്രഥമ സമ്മേളനത്തിന് സാധിച്ചു എന്നതിൽ സംശയമില്ല. പരുമല സെമിനാരിയുടെ ചാപ്പലിൽ പൊഴിഞ്ഞ കണ്ണുനീരും, നെടുവീർപ്പുകളും സഭയുടെ കരുതലിന്റെ നേർകാഴ്ച ആയിരുന്നു. തന്നെക്കാൾ കൂടുതൽ തന്റെ ഇണയെ അസൂയയോടെ സ്നേഹിച്ച ദൈവത്തോട് മൗനമായി കലഹിക്കാൻ ഉള്ള ഒരു ഇടം ആയിരുന്നു സ്നേഹകൂട്ട് സംഗമം. പരാതികളും പരിഭവങ്ങളും സ്നേഹ കണ്ണീർ ആയി ഒഴുകിയ പകൽ. "പലരും ഞങ്ങളെ മറന്നുപോയി, അച്ചനെ പോലും ഇപ്പൊ ആരും ഓർക്കുന്നില്ല. സഭ ഞങ്ങളെ ഓർത്തല്ലോ...' ഇതായിരുന്നു പലരുടെയും മറുപടി. മറവി ഒരു അനുഗ്രഹം ആണ് എങ്കിലും ലഭിച്ച നന്മയും ലഭിച്ച ശുശ്രൂഷകളും സഭാമാതാവിന് മറക്കുവാൻ കഴിയില്ലല്ലോ.



പരസ്പരം കരുതുന്ന സ്നേഹകൂട്ട് കാലഘട്ടത്തിന്റെ അനിവാര്യതയാണ് എന്ന് ഡോ. മാത്യൂസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്തായുടെ ആശയം ജഡം ധരിച്ച ദിനം. മലങ്കര ഓർത്തഡോക്സ് സഭയുടെ വൈദിക സംഘത്തിന്റെ കീഴിൽ, വൈധവ്യത്തിൽ ആയ വൈദികരുടെയും ബസ്ക്യോമോമാരുടെയും കൂട്ടായ്മയായ 'സ്നേഹക്കൂട്ട്' പ്രഥമ സമ്മേളനം പരുമല സെമിനാരിയിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഫാ. ഡോ. റ്റി. ജെ. ജോഷ്വാ ക്ലാസുകൾക്ക് നേതൃത്വം നൽകി. കൽക്കട്ട ഭദ്രാസന മെത്രാപ്പോലീത്താ അലക്സിയോസ് മാർ യൗസേബിയോസ്, ഫാ. റ്റി. എസ്. ശാമുവേൽ കോർഎപ്പിസ്കോപ്പാ, ഫാ. ജോൺസൻ കല്ലിട്ടതിൽ കോർഎപ്പിസ്കോപ്പാ, പരുമല സെമിനാരി മാനേജർ ഫാ. കെ. വി. പോൾ റമ്പാൻ, ഫാ. ഡോ. നൈനാൻ വി. ജോർജ് എന്നിവർ ആശംസകൾ നേർന്നു. ഫാ. സഖറിയാ പനയ്ക്കാമറ്റം, ജെസ്സി വർഗ്ഗീസ് എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി.



**Chennai Diocesan Metropolitan Geevarghese Mar Philoxenos paid a courtesy visit to Bishop Sebastian Pozholiparampil of Syro-Malabar Catholic Eparchy of Hosur-Mylapore. His Grace was accompanied by Diocesan Secretary Fr. Thomas Issac and Bishop's House Manager Fr. Pradeep Ponnachan.**



**Kuriakose Mar Gregorios (Pampady Thirumeni) Memorial Lecture - 5th Edition - Prof Sabu Thomas, VC, MG University, Kottayam**



**ഈ വർഷത്തെ ഏഷ്യാനെറ്റ് ഹെൽത്ത് കെയർ എക്സലൻസ് നഴ്സ് ഓഫ് ദ് ഇയർ പുരസ്കാരത്തിന് സിനോബി ഉലഹന്നാൻ അർഹയായി. Oman Sultan Qaboos Comprehensive Cancer Care and Research Centre സ്റ്റാഫ് നഴ്സാണ് സിനോബി ഉലഹന്നാൻ. വയലപ്പള്ളിൽ സുനു മർക്കൊസിന്റെ ഭാര്യയാണ്. മക്കൾ: ആൽവിൻ, അലൻ.**

"നമ്മുടെ സഭ ദൈവത്തിന്റെ വകയാണെന്നും അതു ഒരിക്കലും നശിച്ചു പോകാൻ ഇടയില്ലെന്നും നിങ്ങൾക്കു നല്ലപോലെ വിശ്വാസം ഉണ്ടായിരിക്കേണ്ടതാണ്. സഭ ദൈവത്തിന്റെ സ്വന്തമാണെന്നും അതിൽ സ്വാഭിപ്രായം നട്ടു വളർത്താൻ ആർക്കും ദൈവം അവകാശം നൽകിയിട്ടില്ലെന്നും എല്ലാവരും ധരിച്ചിരിക്കേണ്ടതാണ്."

**– പ. വട്ടശ്ശേരിൽ തിരുമേനി**




കോട്ടയം ഓർത്തഡോക്സ് വൈദിക സെമിനാരിയിലെ 2022–2023 അധ്യയന വർഷത്തിലെ പ്രസംഗ മത്സരത്തിൽ നാലാം വർഷ വിദ്യാർത്ഥി മുളന്തുരുത്തി മാർത്തോമൻ പള്ളി ഇടവകാംഗം (കൊച്ചി ഭദ്രാസനം) ഡീക്കൻ സഞ്ജയ് ഏലിയാസ് ജോയ് 2023–ലെ മികച്ച പ്രസംഗകനായി തിരഞ്ഞെടുക്കപ്പെട്ടു. പ്രസംഗ മത്സരത്തിന് സെമിനാരി പ്രിൻസിപ്പാൾ ഫാ. ഡോ. റജി മാത്യു, ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ, ഫാ. ഡോ. ഷാജി പി. ജോൺ, ഫാ. കെ. വി. ഏലിയാസ് എന്നിവർ നേതൃത്വം നൽകി.



നിലയ്ക്കൽ ഭദ്രാസന സുവിശേഷ സംഘത്തിന്റെ ആഭിമുഖ്യത്തിൽ വലിയനോമ്പ് കാലത്ത് നടത്തിവരുന്ന ഭദ്രാസന ഡിസ്ട്രിക്റ്റ് തല ധ്യാനയോഗം നിലയ്ക്കൽ ഡിസ്ട്രിക്റ്റിന്റെ നേതൃത്വത്തിൽ പെരുനാട് ബഥനി സെന്റ് തോമസ് ഓർത്തഡോക്സ് പള്ളിയിൽ വച്ച് മാർച്ച് 12–ന് നടന്നു. നിലയ്ക്കൽ ഭദ്രാസന മെത്രാപ്പോലീത്താ ഡോ. ജോഷ്വാ മാർ നിക്കോദിമോസ് ഉദ്ഘാടനം ചെയ്തു.

## പുസ്തകം







# വെറും 72 ദിവസം കൊണ്ട് മനോഹരമായ ഒരു വീട്

## ഐക്കൺ ഐശ്വര്യ ഹോം പ്രൊജക്ടിന്റെ അറുപതാമത് ഭവനം

**ജോർജ്ജ് ഏബ്രഹാം**

എട്ടു വർഷമായി 48 വയസ്സുള്ള കുടുംബനാഥൻ രോഗിയാണ്. പ്രായമായ അപ്പച്ചനും അമ്മച്ചിയും, മൂന്നു മിടുക്കരായ കുഞ്ഞുങ്ങളും ഉള്ള കുടുംബം. കുടുംബനാഥയുടെ ഒരു താൽക്കാലിക ജോലിയുടെ ബലത്തിൽ കാര്യങ്ങൾ നീങ്ങുന്നു. യാതൊരു ബലവും ഇല്ലാത്ത ചുവർന്നൊലിക്കുന്ന ഒരു കൊച്ചു വീട്. ഒരു ചെറിയ വാസസ്ഥലത്തിനായി ആ സഹോദരി ഏഴു വർഷമായി കണ്ണുനീരോടെ പ്രാർത്ഥിക്കുന്നു. കഴിഞ്ഞ സെപ്റ്റംബർ 24–നു ഐക്കൺ ചാരിറ്റി പ്രവർത്തകർ ഭവനം സന്ദർശിച്ചു. ആ വീട്ടിലെ എല്ലാ ബുദ്ധിമുട്ടുകളും മാറിപ്പോകാനുള്ള പലകാര്യങ്ങളും വിശദമായി സംസാരിച്ചു. പ്രധാനമായും ചെറുപ്പക്കാരനായ കുടുംബനാഥൻ ആരോഗ്യം വീണ്ടെടുക്കണം. ഒരു കൊച്ചു വീടുണ്ടാകണം. നമ്മളുടെ വൈദികരുടെ സമർപ്പണബോധം ഒരു വലിയ പ്രചോദനമാണ്. ചെറുപ്പക്കാരി ആയ ആ വീട്ടമ്മയുടെ വിശ്വാസവും പ്രത്യാശയും അതിശയിപ്പിക്കുന്നതാണ്. പരിശുദ്ധ ബാവാ തിരുമേനിയുടെ "സഹോദരൻ" പദ്ധതിയുമായി സഹകരിച്ചു എത്രയുംവേഗം ഒരു വീടുണ്ടാകാൻ എല്ലാവരും പ്രയത്നിച്ചു. ദൈവം പ്രാർത്ഥന ചെവിക്കൊണ്ടു. ഐക്കണിനു വേണ്ടി സഹായിക്കാൻ മുൻപോട്ടു വന്ന (പേരു വെളിപ്പെടുത്താൻ ആഗ്രഹിക്കാത്ത) കുടുംബത്തെ ഓർത്തു നമുക്ക് പ്രാർത്ഥിക്കാം. ഫാ. പി. എ. ഫിലിപ്പും ഫാ. മാത്തുക്കുട്ടിയും പ്രാർത്ഥിച്ചു കല്ലിട്ടു (02.01.23). മാങ്ങാനം ഇടവക, ബഹു വികാരിയുടെയും, സഹവികാരിയുടെയും നേതൃത്വത്തിൽ സഹായിക്കാൻ മുമ്പോട്ടു വന്നു. ഫാ. പി. എ. ഫിലിപ്പ് സ്വന്തം പരിശ്രമത്തിൽ നല്ല ഒരു തുക കണ്ടെത്തി. 15.03.2023–ൽ ബഹുമാനപ്പെട്ട വൈദികരുടെ നേതൃത്വത്തിൽ പ്രാർത്ഥിച്ചു പാലു കാച്ചി. ഐക്കൺ ഐശ്വര്യ ഹോം പ്രൊജക്ടിന്റെ അറുപതാമത് ഭവനത്തിൽ കുടുംബം താമസം തുടങ്ങി.

**വൈ.എം.സി.എ സൗത്ത് വെസ്റ്റ് ഇന്ത്യാ (കേരളാ) റീജിയണിന്റെ Environment Board ജോയിന്റ് കൺവീനർ ആയി സന്തോഷ് ബഹനാൻ തെരഞ്ഞെടുക്കപ്പെട്ടു. അങ്കമാലി ഭദ്രാസനത്തിലെ കുന്നക്കുരുടി സെന്റ് ജോർജ്ജ് കത്തീഡ്രൽ ഇടവകാംഗമായ സന്തോഷ് ബഹനാൻ മലങ്കര സഭാ മുൻ മാനേജിംഗ് കമ്മിറ്റിയംഗവും സഭയിലെ സീനിയർ വൈദികനായ വി. വി. ബഹനാൻ കോർഎപ്പിസ്കോപ്പായുടെ മകനുമാണ്.**

